# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P6/1495/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/10/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P6/1495/24 തീയ്യതി: 25/10/2024

# കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന എസ്.പിള്ളൈ(കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2024 | 29-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2024 | 29-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രബിത.ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തൻസീല.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലക്സ് തോമസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.അനിൽകുമാർ.കെ.പി | സെക്രട്ടറി | 01-04-2023 | 14-07-2023 |
| ശ്രീ.പി.വി.ശ്രീനിവാസൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-07-2023 | 07-08-2023 |
| ശ്രീ.ബ്രജീഷ് കുമാർ.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2023 | 10-09-2023 |
| ശ്രീമതി.സീനത്ത്.കെ | സെക്രട്ടറി | 11-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു തോമസ് | അസി.സെക്രട്ടറി | 01-04-2023 | 11-07-2023 |
| ശ്രീ.പി.വി.ശ്രീനിവാസ് | അസി.സെക്രട്ടറി | 12-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.ബിന്ദു.വി.കെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.രവി | വെറ്ററനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഫസീല.കെ.കെ | വില്ലേജ് എക്റ്റൻഷൻ ഓഫീസർ | 01-04-2023 | 18-08-2023 |
| ശ്രീ.അരുൺ.ഇ. | വില്ലേജ് എക്റ്റൻഷൻ ഓഫീസർ | 19-08-2023 | 12-03-2024 |
| ശ്രീ.ആഷിക് കോയ തങ്ങൾ | വില്ലേജ് എക്റ്റൻഷൻ ഓഫീസർ | 13-03-2024 | 31-03-2024 |
| ശ്രീ.വിനോദ് വർഗ്ഗീസ് | വില്ലേജ് എക്റ്റൻഷൻ ഓഫീസർ | 01-04-2023 | 15-02-2024 |
| ശ്രീമതി.റെജിമോൾ.കെ.എ | ഡയറി എക്റ്റൻഷൻ ഓഫീസർ | 01-04-2023 | 26-11-2023 |
| ശ്രീമതി.സുമില.കെ.പി. | ഡയറി എക്റ്റൻഷൻ ഓഫീസർ | 27-11-2023 | 31-03-2024 |
| ശ്രീമതി.ഉദയ.കെ.ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.രമ്യ രാജൻ.വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.സുരേഷ് കുമാർ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി.അർച്ചന.സി.ജെ. | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ജിഷ്ണു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 30-06-2023 |
| ഡോ.ബിജി.യു.പി | മെഡിക്കൽ ഓഫീസർ , ഹോമിയോ (ഇൻ-ചാർജ്) | 01-07-2023 | 13-07-2023 |
| ഡോ.സ്മിത.കെ.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 14-07-2023 | 31-03-2024 |
| ഡോ.കെ.കെ.അബ്ദുറഹിമാൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2023 | 25-06-2023 |
| ഡോ.തസ്ലി മുഹമ്മദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 26-06-2023 | 26-02-2024 |
| ഡോ.ഹസീന.കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 27-02-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല . | 1-1-1 |
| 3 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | അധികമായി ഈടാക്കിയ വായ്പാ തുക വാർഷിക കണക്കിൽ ലഭിക്കാനുള്ള ശീർഷകത്തിൽ നിന്നും മാറ്റി | 1-1-3 |
| 5 | Accumulated Depreciation - ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം | 1-1-4 |
| 6 | സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 13 | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡേ ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്സ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-8 |
| 14 | 2023-24 വർഷം പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ പുതുക്കിയില്ല | 1-9 |
| 15 | കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയതിൽ അപാകത-നികുതി നഷ്ടം | 1-10 |
| 16 | കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് സ്ഥിര നിക്ഷേപം പിൻവലിച്ചതുവഴിയുള്ള നഷ്ടം | 1-11 |
| 17 | പോത്തുകുട്ടി ഗ്രാമം - വനിത പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-12 |
| 18 | പദ്ധതി രൂപീകരണ മോണിറ്ററിങ് ചെലവുകൾ - ഒരേ ടെണ്ടർ പരസ്യത്തിന് രണ്ടു തവണ തുക നൽകി | 1-13 |
| 19 | വാഴക്കന്ന് വിതരണം - വനിത : പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-14 |
| 20 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള ഉയർന്ന തുക അനുവദിച്ചു -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-15 |
| 21 | ലോ മാസ്റ്റ് - ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി - ലൈറ്റുകളുടെ എണ്ണത്തിൽ കൃത്യതയില്ല - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 22 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - എ.എം.സി.ക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല | 1-17 |
| 23 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-18 |
| 24 | പൂർത്തീകരണ വിവരം ലഭ്യമല്ല | 1-19 |
| 25 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം- അപാകതകൾ. | 1-20 |
| 26 | വനിത ഘടക പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ . | 1-21 |
| 27 | എ.ബി.സി പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 28 | സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളില്ല. | 1-23 |
| 29 | എസ് സി വനിത – പോത്തുകുട്ടി വിതരണം പദ്ധതി – അപാകതകൾ | 1-24 |
| 30 | വിദ്യാർത്ഥികൾക്ക് (എസ് ടി)ഫർണ്ണീച്ചർ വിതരണ പ്രോജക്ടിലെ അപാകതകൾ. | 1-25 |
| 31 | പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ . | 1-26 |
| 32 | അഗ്രി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല | 1-27 |
| 33 | എസ്.എസ്.കെ. പദ്ധതി -വിനിയോഗ വിവരം - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-28 |
| 34 | മുട്ട ഗ്രാമം - വനിത പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ . | 1-29 |
| 35 | എസ് ടി കുടുംബങ്ങൾക്ക് പോത്തുകുട്ടി വിതരണം പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ . | 1-30 |
| 36 | ഉപകരണങ്ങൾ വാങ്ങൽ -തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-31 |
| 37 | കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണത്തിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല-അധിക ചെലവിനു കാരണമാകുന്നു | 1-32 |
| 38 | ടെണ്ടർ നടപടികളിൽ സുതാര്യതയില്ല | 1-33 |

| | | |
|---|---|---|
| 39 | കൗ ലിഫ്റ്റർ - അയൽ പഞ്ചായത്തിലെ സംഘത്തിന് നൽകി | 1-34 |
| 40 | റോഡിതര പ്രവൃത്തികൾക്ക്  മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്തുന്നു | 1-35 |
| 41 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ വില ഉറപ്പാക്കുന്നില്ല | 1-36 |
| 42 | എം.സി.എഫ്- ൽ കൺവെയർ ബെൽറ്റ് ഉപയോഗപ്പെടുത്തുന്നില്ല | 1-37 |
| 43 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തന അവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള ഉയർന്ന തുക അനുവദിച്ചു -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 3-1 |
| 2 | പോത്തുകുട്ടി ഗ്രാമം - വനിത പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്. | 3-2 |
| 3 | വാഴക്കന്ന് വിതരണം - വനിത : പദ്ധതി നിർവ്വഹണത്തിലെ അപാകത | 3-3 |
| 4 | പദ്ധതി രൂപീകരണ മോണിറ്ററിങ് ചെലവുകൾ - ഒരേ ടെണ്ടർ പരസ്യത്തിന് രണ്ടു തവണ തുക നൽകി | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/05/2024 തീയതിയിലെ 1൦ം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 14/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ (2023-24) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

കോഴിക്കോട്

05.10.2024 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല .

Profession Tax ഡിമാന്റ് രജിസ്റ്ററിൽ 96,850/-രൂപ തൻവർഷം തൊഴിൽ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിലെ B15 ഷെഡ്യൂളിൽ കുടിശ്ശികയായി ഉൾപ്പെടുത്തിയിട്ടില്ല .

## 1-1-2 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 14 പ്രകാരം 35,000/-രൂപയുടെ ക്ലോസിംഗ് സ്റ്റോക്ക് ഉണ്ട് ആയത് പരിശോധിക്കത്തക്ക രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

## 1-1-3 അധികമായി ഈടാക്കിയ വായ്പാ തുക വാർഷിക കണക്കിൽ ലഭിക്കാനുള്ള ശീർഷകത്തിൽ നിന്നും മാറ്റി

ലൈഫ് മിഷൻ വായ്പാ തിരിച്ചടവിനായി ശ്രോതസ്സിൽ നിന്നും വായ്പ തുക 9,77,855/ രൂപ അധികമായി ഈടാക്കിയത് 2022-23 വർഷം B-15 Sundry Debtors Receivables എന്ന ഹെഡിൽ (431409999- Receivables From Government - Others) ൽ ഉൾപ്പെടുത്തിയിരുന്നു. ആയത് നിലവിലുള്ള വായ്പയിലേക്ക് അഡ്ജസ്റ്റ് ചെയ്യാതെ തൻവർഷത്തെ B-15 Sundry Debtors Receivables എന്ന ഹെഡിൽ നിന്നും ഒഴിവാക്കി.

**1-1-4 Accumulated Depreciation - ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം**

ബാലൻസ് ഷീറ്റ് പ്രകാരം ആസ്തികൾക്ക് 1807756/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31.3.24 ലെ Accumulated Depreciation 109537805/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല .

**1-1-5 സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചതിൽ കാഷ് ചെയ്യാത്ത ക്യൂ ബില്ലുകളിൽ -വിവിധ ഫണ്ടിനങ്ങളിലെ ക്യൂ ബിൽ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് ജനറൽ | 55,86,477 |
| വികസനഫണ്ട് എസ്.സി.പി. | 4,33,000 |
| വികസനഫണ്ട് ടി.എസ്.പി. | 5,66,960 |
| സംരക്ഷണഗ്രാന്റ് റോഡ് | 83,39,734 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 6,60,106 |

ആയത് ബാധ്യതയാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

**1-2 ബജറ്റ്**

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 25.03.2023 തീയതിയിലെ നമ്പർ 01 തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 06.02.2024 തിയ്യതിയിലെ 2/2 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവു വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 28120228 |
| വരവ് | 341561088 |
| ആകെ | 369681316 |
| ചെലവ് | 350709344 |
| നീക്കിയിരിപ്പ് | 18971972 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 36996018 |
| വരവ് | 93561077 |
| ആകെ | 130557095 |
| ചെലവ് | 85500275 |
| നീക്കിയിരിപ്പ് | 45056820 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 40314900 | 40314900 | 29690220 | 10624680 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 3897000 | 3897000 | 2734226 | 1162774 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്-ടി.എസ്.പി | 0 | 4041000 | 4041000 | 2829824 | 1211176 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 21628650 | 21628650 | 8694212 | 12934438 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2540600 | 2540600 | 1850000 | 690600 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് (പി.എഫ്.എം.എസ് മുഖേന ) | **554925** | **6982815** | **7537740** | **5948259** | **1589481** |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (പി.എഫ്.എം.എസ് മുഖേന ) | 8371133 | 5006500 | 13377633 | 6025629 | 7352004 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 261767636 | 182 | 105859061 | 83 | 142 | 30.55% |

പട്ടികയിൽ കാണിച്ചത് സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിശദാംശമാണ്. എന്നാൽ ലഭ്യമായ സർക്കാർ ഗ്രാന്റിനനുസൃതമായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ നിർവ്വഹണം പൂർത്തീകരിച്ചതും, ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചതുമായ പല ബില്ലുകളും കാഷ് ചെയ്യാതെ ക്യൂ ബില്ലുകളായിട്ടുണ്ട്. 1,55,86,277/-രൂപ ഈ വിധം ക്യൂ ബില്ലുകളായി. വിവിധ ഫണ്ടിനങ്ങളിലെ ക്യൂ ബിൽ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് ജനറൽ | 55,86,477 |
| വികസനഫണ്ട് എസ്.സി.പി. | 4,33,000 |
| വികസനഫണ്ട് ടി.എസ്.പി. | 5,66,960 |
| സംരക്ഷണഗ്രാന്റ് റോഡ് | 83,39,734 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 6,60,106 |

**1-6 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

01.04.22 ലെ 217/21 ഓഫീസ് ഉത്തരവ് പ്രകാരം എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി പുന:ക്രമീകരിച്ച് വിഭജിച്ചുനൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തിട്ടുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ 2024 മാർച്ച് മാസം മുതലുള്ള ചെക്കുകൾ ലഭിച്ചതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ ചെക്കുകൾ പണമാക്കിയ തിയതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭിച്ച എല്ലാ ചെക്കുകൾക്കും രശീത് നൽകി അക്കൌണ്ട് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ വർഷത്തേയും വാങ്ങൽ സംബന്ധിച്ച് വാർഡുകളിൽ സ്ഥാപിച്ചത് ഓരോ പേജുകളിൽ പതിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്. അതായത് ഒരു വാർഡിൽ നിലവിലുള്ള ലൈറ്റുകളുടെ ആകെ എണ്ണം, തരം എന്നിവയുടെ വിശദാംശം ലഭ്യമല്ല. അതുപോലെ ലോ മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകളുടെ വിശദാംശവും രേഖപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-7 ക്യാഷ് ബാലൻസ് പരിശോധന**

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2024 ന് രാവിലെ 10.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11904/- രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

**1-8 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡേ ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്സ് - തുകകൾ പൊരുത്തപ്പെടുന്നില്ല**

2023-24 വർഷത്തെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഓഡിറ്റിന്റെ ഭാഗമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡേ ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്സ് എന്നിവ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ 2024 മാർച്ച് മാസം മുതൽ വന്നിട്ടുള്ള ചെക്കുകളുടെ നമ്പറും തിയ്യതിയും രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല രജിസ്റ്ററിൽ ചെക്ക് എന്റർ ചെയ്ത തിയ്യതികളും ഡേ ബുക്കിലെ തിയ്യതികളും, തുകകളും പൊരുത്തപ്പെടുന്നുമില്ല. ആയതിനാൽ വന്ന ചെക്കുകൾ മുഴുവൻ റസീപ്റ്റ് ചെയ്തോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | തിയ്യതി | ഡേ ബുക്കിലെ | UPI അക്കൗണ്ടിൽ | രജിസ്റ്റർ പ്രകാരമുള്ള | ചെക്ക് Date And No: | റിമാർക്സ്(ചെക്ക് & ഡ്രാഫ്റ്റ് |
|---|---|---|---|---|---|---|

| | | ബാങ്ക് കോളത്തിലെ തുക | ക്രെഡിറ്റ് ആയ തുക | ചെക്ക് തുക | | രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|
| 1. | 19.03.24 | 140968/- | 28178/- | 0 | ___ | 112790/- കുറവ് |
| 2. | 22.03.24 | 193478/- | 8270/- | 50018/- | രേഖപ്പെടുത്തിയിട്ടില്ല. | 135190/-കുറവ് |
| 3. | 25.03.24 | 126907/- | 47176/- | 0 | ___ | 79731/- കുറവ് |
| 4. | 26.03.24 | 83337/- | 39837/- | 82642/- | രേഖപ്പെടുത്തിയിട്ടില്ല. | 79930/- അധികം |
| | | | | 11788/- | | |
| | | | | 29000/- | | |
| 5. | 27.03.24 | 19395/- | 19395/- | 14050/- | രേഖപ്പെടുത്തിയിട്ടില്ല. | 301398/- അധികം |
| | | | | 1250/- | | |
| | | | | 286098/- | | |
| 6. | 28.03.24 | 338024/- | 24606/- | 27300/- | രേഖപ്പെടുത്തിയിട്ടില്ല. | 286118/- കുറവ് |
| 7. | 30.03.24 | 148399/- | 0/- | 26061/- | 145866 | 80322/- കുറവ് |
| | | | | 40777/- | 957400 | |
| 8. | 31.03.24 | 724201/- | 43475/- | 680053/- | 090742 | 673/- കുറവ് |
| 9. | 06.05.24 | 2735/- | 2649/- | 0 | ___ | 86/- കുറവ് |
| 10. | 22.05.24 | 27168/- | 0 | 0 | ___ | 27168/- കുറവ് |
| 11. | 04.06.24 | 36900/- | 13047/- | 36900/- | 130396 | 13047/- അധികം |
| 12. | 20.06.24 | 9890/- | 0 | 0 | ___ | 9890/- കുറവ് |

2. ഒരു ദിവസത്തെ മുഴുവൻ കൗണ്ടറുകളും സെലെക്ട് ചെയ്ത് പ്രിന്റ് എടുത്താണ് ഡേ ബുക്കുകൾ സൂക്ഷിക്കേണ്ടത്. എന്നാൽ All Counter എന്ന് സെലെക്ട് ചെയ്യാതെ പ്രത്യേക കൗണ്ടറുകൾ മാത്രം സെലെക്ട് ചെയ്താണ് മിക്ക ദിവസങ്ങളിലും ഡേ ബുക്ക് പ്രിന്റ് എടുത്ത് സമർപ്പിച്ചത്. പരിശോധനയ്ക്ക് ഹാജരാക്കിയ ഡേ ബുക്കുകളിൽ ഒരു ദിവസത്തെ മുഴുവൻ കൗണ്ടറുകളുടെയും വിവരങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കുന്നത് All Counters സെലെക്ട് ചെയ്താണോ പ്രിന്റ് എടുത്തത് എന്ന് നോക്കിയാണ്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം: | തിയ്യതി | ഡേ ബുക്ക് ഹാജരാക്കിയ കൗണ്ടർ നമ്പറുകൾ |
|---|---|---|
| 1. | 12.02.24 | Counter 7 |
| 2. | 14.02.24 | Counter 7 |
| 3. | 15.02.24 | Counter 2 And 7 |
| 4. | 21.02.24 | Counter Not Entered |

26.02.24, 20.03.24 തിയ്യതികളിൽ കൗണ്ടർ 7 ന്റെ ഡേ ബുക്ക് മാത്രമാണ് ഹാജരാക്കിയത് എന്നാൽ ശേഷം വച്ചിട്ടുള്ള Daybook Staffwise Consolidation ൽ താഴെ കൊടുക്കും പ്രകാരമുള്ള വിവരങ്ങൾ ഉണ്ട്.

| DAY BOOK STAFF WISE CONSOLIDATION | | | |
|---|---|---|---|
| Date | Name | Cash | Bank |
| 26.02.2024 | Aswathi C.P. | 25386.00 | 0 |
| 26.02.2024 | Manoj Kumar T.M. | 163342.00 | 7200.00 |
| Total | | 188728.00 | 7200.00 |

26.02.2024 ലെ ILGMS പരിശോധിച്ചപ്പോൾ Aswathi C. P. Counter 2 ലും Manoj Kumar T.M. Counter 7 ലും രസീതുകൾ വിതരണം ചെയ്തതായി ബോധ്യപ്പെട്ടു.

| DAY BOOK STAFF WISE CONSOLIDATION | | | |
|---|---|---|---|
| Date | Name | Cash | Bank |
| 20.03.2024 | Manoj Kumar T.M. | 82463.00 | 47731.00 |
| 20.03.2024 | Sanoj K. | 22122.00 | 0 |
| Total | | 104585.00 | 47731.00 |

20.03.2024 ലെ ILGMS പരിശോധിച്ചപ്പോൾ Sanoj K. Counter 2 ലും Manoj Kumar T.M. Counter 7 ലും രസീതുകൾ വിതരണം ചെയ്തതായി ബോധ്യപ്പെട്ടു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/29.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡേ ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്സ് എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-9 2023-24 വർഷം പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ പുതുക്കിയില്ല

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം (തീരുമാനം 6, തീയതി:27.06.2023) എടുത്തിട്ടുമുണ്ട്. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാതിരുന്നതിനാൽ 2023-24 വർഷാരംഭത്തിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിരുന്നത്.

പഴയ നികുതി നിരക്കുകളിൽ നിന്ന് വ്യത്യസ്തമായി പുതിയ ഉത്തരവ് പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെയും വ്യത്യസ്ഥ കാറ്റഗറികളാക്കി തരം തിരിച്ചിട്ടുണ്ട്. അവ ഇപ്രകാരമാണ്.

<table>
<tr><th colspan="2">പാർപ്പിടാവശ്യം</th><th colspan="2">വാണിജ്യാവശ്യം</th></tr>
<tr><th>പഴയ കാറ്റഗറി/ നിരക്ക്</th><th>പുതിയ കാറ്റഗറി/ നിരക്ക്</th><th>പഴയ കാറ്റഗറി/ നിരക്ക്</th><th>പുതിയ കാറ്റഗറി/ നിരക്ക്</th></tr>
<tr><td rowspan="4">പാർപ്പിടാവശ്യം / 4രൂപ</td><td rowspan="2">സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും, ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്റർ വരെയുള്ളവ/6 രൂപ</td><td>100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ/30 രൂപ</td><td>100 ച.മീറ്റർ വരെയുള്ളവ/50 രൂപ</td></tr>
<tr><td>100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ/50 രൂപ</td><td>100 ച.മീറ്ററിനു മുകളിൽ 500 ച.മീറ്റർ വരെയുള്ളവ/60 രൂപ</td></tr>
<tr><td rowspan="2">സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും, ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്ററിനു മുകളിലുള്ളവ/10 രൂപ</td><td>200 ച.മീ. വരെ തറ വിസ്യീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ/30രൂപ</td><td>500 ച.മീറ്ററിനു മുകളിൽ/100 രൂപ</td></tr>
<tr><td>200 ച.മീ.ന് മുകളിൽ തറ വിസ്യീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ/70 രൂപ</td><td>മാളുകൾ ച.മീറ്ററിന് 100 രൂപ</td></tr>
</table>

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തിൽ നമ്പറുകൾ അനുവദിച്ച 933 പുതിയ കെട്ടിടങ്ങളിൽ 404 കെട്ടിടങ്ങൾക്ക് മാത്രമാണ് പുതുക്കിയ നിരക്ക് പ്രകാരം നികുതി ഈടാക്കിയത്. ശേഷിക്കുന്ന 529 കെട്ടിടങ്ങൾക്ക് പഴയ നിരക്ക് പ്രകാരമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഹാജരാക്കിയ പഴയ നിരക്കിൽ നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങളുടെ ലിസ്റ്റ് പ്രകാരം ഒരേ വ്യക്തികളുടെ പേരിൽ ഒരേ ആവശ്യത്തിനുള്ള കെട്ടിടങ്ങളെയെല്ലാം വ്യത്യസ്ത നമ്പറുകൾ നൽകി അവയുടെ സ്ലാബ് കുറച്ചാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ ഒരേ വ്യക്തികളുടെ പേരിലുള്ള അടുത്തടുത്ത നമ്പറുകളിലുള്ള കെട്ടിടങ്ങൾ ഒരു കെട്ടിടത്തിന്റെ തന്നെ വിവിധ ഭാഗങ്ങളാണോ എന്ന് പരിശോധിച്ച് അവയെ ഒറ്റ കെട്ടിടമായി കണക്കാക്കേണ്ടതും അതനുസരിച്ച് അവയുടെ കാറ്റഗറിയിൽ മാറ്റം വരുത്തേണ്ടതുമാണ്. പഴയ നിരക്ക് തന്നെ ഈടാക്കുന്ന പുതിയ കെട്ടിടങ്ങളുടെ സ്ലാബുകളിൽ വലിയ വ്യത്യാസം ഉണ്ട് എന്ന് ടി ലിസ്റ്റ് പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗം/ ആകെ വിസ്തീ. | നിലവിൽ സഞ്ചയയിൽ ഈടാക്കിയ കാറ്റഗറി/ നിരക്ക് | ഈടാക്കേണ്ട കാറ്റഗറി/ നിരക്ക് |
|---|---|---|---|---|---|---|
| 1. | 4 | 19 A<br>19 B<br>19 C<br>19 D<br>19 E | ജെസ്സി, പള്ളിച്ചംകുടി | വാണിജ്യാ വശ്യം/ 148.23 ച. മീ. | വാണിജ്യം 100 ച.മീ. വരെ/ 50രൂപ | വാണിജ്യം 100 ച.മീറ്ററിനു മുകളിൽ 500 ച.മീറ്റർ വരെയുള്ളവ/ 75 |
| 2. | 21 | 313 A01 മുതൽ 313 A16 വരെ, B01 മുതൽ B19 വരെ, C01 മുതൽ C20 വരെ, D01 മുതൽ D17 വരെ, E01 മുതൽ E18, വരെ F01 മുതൽ F19 വരെ, G01 മുതൽ G21 വരെ, H01 മുതൽ H16 വരെ (151 മുറികൾ) | ഉബൈദുള്ള അബ്ദുൽ ഖാദർ , കുന്നുമ്മൽ | വാണിജ്യാ വശ്യം/ 8887.78 ച.മീ. | വാണിജ്യം 100 ച.മീറ്ററിനു മുകളിൽ/ 60 രൂപ | വാണിജ്യം 500 ച.മീറ്ററിനു മുകളിൽ/ 100 രൂപ |
| 3. | 21 | 245 C To 245 M (10 മുറികൾ) | അബ്ദുള്ള, വിളക്കാട്ടു കാവിൽ | വാണിജ്യാ വശ്യം/ 510.54 ച. മീ. | വാണിജ്യം 100 ച.മീറ്ററിനു മുകളിൽ/60 രൂപ | വാണിജ്യം 500 ച.മീറ്ററിനു മുകളിൽ/ 100 രൂപ |
| 4. | 21 | 156 C To 156 K (8 മുറികൾ | സാലിദ് കെ.കെ. , കയ്യേലിക്കുന്നുമ്മൽ | പാർപ്പി ടാവശ്യം/ 662.32 ച. മീ. | പാർപ്പിടാവശ്യം/ 4 രൂപ | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, 300 ച.മീറ്ററിനു മുകളിലുള്ളവ/ 10 രൂപ |
| 5. | 10 | 243 A മുതൽ 243 T വരെ (20 മുറികൾ) | അഗിഷ് ജോർജ്,ആൻസി, അജേഷ്,അനു , കൊച്ചേരിയിൽ | വാണിജ്യാ വശ്യം/ 528.54 ച. മീ. | വാണിജ്യം 100 ച.മീറ്ററിനു മുകളിൽ/60 രൂപ | വാണിജ്യം 500 ച.മീറ്ററിനു മുകളിൽ/ 100 രൂപ |
| 6. | 21 | K01 To K133 (103 മുറികൾ) | മൊയ്തീൻ കോയ എടക്കാട്ട്, മർകസ് കൊമ്മേഴ്ഷ്യൽ കോംപ്ലക്സ് | പാർപ്പി ടാവശ്യം/ 12756.68 ച. മീ. | പാർപ്പിടാവശ്യം/ 4 രൂപ | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, 300 ച.മീറ്ററിനു മുകളിലുള്ളവ/10 രൂപ |

മേൽ പരാമർശിച്ച ഉദാഹരണങ്ങൾ പോലെ നിലവിൽ പഴയ നിരക്ക് പ്രകാരം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങളെ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2023-24 വർഷത്തിൽ പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത 529 കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന കുടിശ്ശിക അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2023-24 വർഷത്തിൽ പുതുതായി അസ്സസ്സ് ചെയ്ത് പഴയ നിരക്ക് ഈടാക്കിയ 529 കെട്ടിടങ്ങളുടെ ഡിമാന്റ് പുതുക്കുന്നതിന് സഞ്ചയയിൽ അപ്ഡേഷൻ വന്ന് ഒരു വർഷം ആയിട്ടും ആയത് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ ടി ലിസ്റ്റിലുള്ള കെട്ടിടങ്ങളുടെ ഡിമാന്റുകളിൽ മാറ്റം വരുത്തി അപ്ഡേറ്റ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/29.07.2024 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഴയ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-10 കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയതിൽ അപാകത-നികുതി നഷ്ടം**

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ 495A, 495B എന്നീ കെട്ടിടങ്ങൾ 2022-23 വർഷത്തിൽ അസ്സസ്സ് ചെയ്യതും 2023-24 വർഷത്തിൽ റെഗുലറൈസ് ചെയ്യതുമാണ്. സഞ്ചയയിൽ ഇവയുടെ ഉപയോഗക്രമം സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ എന്ന് രേഖപ്പെടുത്തി ച.മീറ്ററിന് 40/- രൂപ നിരക്കിലാണ് 2022 ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 27.07.24 ന് പഞ്ചായത്തിലെ നാലാം വാർഡായ തുഷാരഗിരിയിൽ നടത്തിയ സ്ഥലപരിശോധനയിൽ നിന്ന് ഈ കെട്ടിടത്തിനോനുബന്ധിച്ച് പുതിയ 6 കെട്ടിടങ്ങളുടെയും ഒരു സ്വിമ്മിംഗ് പൂളിന്റെയും നിർമ്മാണം പുരോഗമിക്കുന്നതായി ബോധ്യപ്പെട്ടു. വിനോദ സഞ്ചാരികൾക്കായി നിർമ്മിക്കുന്ന ഈ കെട്ടിടം റിസോർട്ട് ആണെന്ന് ബോധ്യപ്പെട്ടതിനാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ചല്ലാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/29.07.2024 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം 'റിസോർട്ട്' എന്നാക്കി മാറ്റുമ്പോൾ ച.മീറ്ററിന് 90രൂപ നിരക്കാണ് ഏർപ്പെടുത്തേണ്ടത്. ഇങ്ങനെ വരുമ്പോൾ ടി കെട്ടിടത്തിന്റെ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 3881/-രൂപ, 4075/- രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് നഷ്ടം വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഇത്തരത്തിൽ പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിലോ അവയുടെ ഉപയോഗക്രമത്തിലോ പഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് സ്ഥിര നിക്ഷേപം പിൻവലിച്ചതുവഴിയുള്ള നഷ്ടം**

ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള താഴെ കൊടുത്ത നിക്ഷേപത്തിന്റെ കാലാവധി പൂർത്തിയാവുന്നതിനു മുമ്പേ സ്ഥിര നിക്ഷേപം ക്ലോസ് ചെയ്യതു വഴി പഞ്ചായത്തിന് പലിശ ലഭിച്ചതിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

76,83,641 /-രൂപ 10.11.2022 ന് ഒരു വർഷത്തേക്ക് നിക്ഷേപിച്ചതിന് ബാങ്ക് വാഗ്ദാനം ചെയ്യ പലിശ 5.6% ആണ്. ആയതു പ്രകാരം 10.11.23ന് 8113925/- രൂപ ലഭിക്കേണ്ടിയിരുന്നു. എന്നാൽ കാലാവധി പൂർത്തിയാകുന്നതിനു മുന്നേ (176 ദിവസം പൂർത്തീകരിച്ച്) നിക്ഷേപം പിൻവലിക്കുകയും ഉയർന്ന പലിശ ലഭിക്കാൻ അതേ ബാങ്കിൽ തന്നെ തൊട്ടടുത്ത ദിവസം നിക്ഷേപിക്കുകയാണ് ചെയ്തത് . 4.5.23ന് നിക്ഷേപം പിൻവലിച്ചപ്പോൾ ആകെ ലഭിച്ചത് 78,04,007/- രൂപയാണ് (പലിശ 1,20,366/-) . ബാങ്കിന്റെ Website പരിശോധിച്ചപ്പോൾ 6 മാസത്തേക്ക് നൽകുന്ന മിനിമം പലിശ 4.25% രൂപയാണ് . 6 മാസം പൂർത്തിയാകാത്തതിനാൽ 3.25% പലിശ ആണ് ലഭിച്ചത് .

നിക്ഷേപം കാലാവധി പൂർത്തീകരിക്കാതെ ക്ലോസ് ചെയ്ത് പുതുക്കിയതു വഴി ലഭിച്ച പലിശയുടെ വിവരവും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കുകയായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പലിശയുടെ വിവരവും ചുവടെ ചേർക്കുന്നു .

**I.നിക്ഷേപം കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുമായിരുന്ന പലിശയുടെ വിവരം ചുവടെ ചേർക്കുന്നു**

| നിക്ഷേപിച്ച തിയ്യതി | തുക | കാലാവധി | വാഗ്ദാനം ചെയ്ത പലിശ നിരക്ക് | ലഭിക്കേണ്ട പലിശ | ആകെ തുക |
|---|---|---|---|---|---|
| 10.11.22 | 7683641 | 12 Months | 5.6% | 430284 | 8113925 (10.11.23 ന്) |

**തുടർന്ന് 15 മാസത്തേക്ക് നിക്ഷേപിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പലിശയുടെ വിവരം ചുവടെ ചേർക്കുന്നു.**

| നിക്ഷേപിച്ച തിയ്യതി | തുക | കാലാവധി | വാഗ്ദാനം ചെയ്ത പലിശ നിരക്ക് | ലഭിക്കേണ്ട പലിശ | ആകെ തുക |
|---|---|---|---|---|---|
| 10.11.23 | 8113925 | 15 Months | 7.25% | 735324 | 8849249 (10.2.25) |

**II.നിക്ഷേപം കാലാവധി പൂർത്തിയാവുന്നതിനു മുൻപ് പിൻവലിച്ചതുവഴി ലഭിച്ച പലിശയുടെ വിവരം ചുവടെ ചേർക്കുന്നു .**

| നിക്ഷേപിച്ച തിയ്യതി | തുക | ക്ലോസ് ചെയ്ത തിയ്യതി | കാലാവധി | ലഭിച്ച പലിശ | ആകെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 10.11.22 | 7683641 | 4.5.23 | 176 Dayss | 120366 (3.25%) | 7804007 (4.5.23 ന്) |

181 ദിവസത്തേക്ക് എല്ലാ ബാങ്കും ആകർഷണീയമായ പലിശ (22-23 ൽ 181 ദിവസത്തേക്ക് 4.80 % ) നൽകുമെന്നിരിക്കേ 5 ദിവസം കൂടി കാത്തിരുന്ന് കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് ക്ലോസ് ചെയ്തിരുന്നെങ്കിൽ കൂടിയും 3.80% പലിശ ലഭിക്കുമായിരുന്നു . (ഉദ്ദേശം 144789/-രൂപ ) .ആയതിന്റെ ഗൗരവം പരിഗണിക്കാതെ 181 ദിവസം തികയുന്നതിനു മുന്നേ നിക്ഷേപം ക്ലോസ് ചെയ്തു .

**തുടർന്ന് 15 മാസത്തേക്ക് നിക്ഷേപിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പലിശയുടെ വിവരം ചുവടെ ചേർക്കുന്നു**.

| നിക്ഷേപിച്ച തിയ്യതി | തുക | കാലാവധി | വാഗ്ദാനം ചെയ്ത പലിശ നിരക്ക് | ലഭിക്കേണ്ട പലിശ | ആകെ തുക |
|---|---|---|---|---|---|
| 5.5.23 | 7804007 | 15 Months | 7.25% | 707238 | 8511245 (4.8.24 ന്) |

തുടർന്ന് 6 മാസത്തേക്കു കൂടി നിക്ഷേപിച്ചിരുന്നെങ്കിൽ, അതായത് 10.2.25 ന് കാലാവധി പൂർത്തിയാവുന്ന രീതിയിൽ പലിശ കണക്കാക്കിയാൽ **ലഭിക്കുന്ന പലിശയുടെ വിവരം ചുവടെ ചേർക്കുന്നു.**

| നിക്ഷേപിച്ച തിയ്യതി | തുക | 10.2.25 വരെ | 191ദിവസത്തേക്ക് നിലവിലുള്ള പലിശ നിരക്ക് | ലഭിക്കേണ്ട പലിശ | ആകെ തുക |
|---|---|---|---|---|---|
| 4.8.24 ന് | 8511245 | 191 | 5.75% | 256095 | 8767340 (10.2.25 |

കാലാവധി പൂർത്തീകരിക്കാതെ നിക്ഷേപം ക്ലോസ് ചെയ്യുക വഴി 81909/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപകതകൾ ചുവടെ ചേർക്കുന്നു .

1.നിക്ഷേപം കാലാവധി കഴിയുന്നതിനു മുന്നേ ക്ലോസ് ചെയ്യുക വഴി സ്ഥാപനത്തിനുണ്ടാകുന്ന ലാഭനഷ്ടങ്ങൾ കണക്കാക്കാതെ ബാങ്ക് ഉയർന്ന പലിശ വാഗ്ദാനം ചെയ്തു എന്നതു മാത്രം അടിസ്ഥാനമാക്കി നിക്ഷേപം ക്ലോസ് ചെയ്തു .

2. ഏത് നിരക്കിലാണ് പലിശ ( 120366 രൂപ ) അനുവദിച്ചതെന്ന് പരിശോധിക്കുകയോ ആയത് 6മാസം കഴിഞ്ഞാൽ എത്ര ലഭിക്കുമെന്നോ പരിശോധിച്ചില്ല .

3.സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശരിയായ അപഗ്രഥനം ആവശ്യമാണെന്നിരിക്കേ വിഷയം വേണ്ടത്ര ഗൗരവമില്ലാതെ കൈകാര്യം ചെയ്തു .

76,83,641 -രൂപയുടെ നിക്ഷേപം 10.2.25ന് കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് ലഭിക്കുന്ന പലിശയും കാലാവധി പൂർത്തിയാവാതെ ലഭിക്കുന്ന പലിശയും തമ്മിൽ ഉണ്ടായ 81909 /-രൂപയുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-12 പോത്തുകുട്ടി ഗ്രാമം - വനിത പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ -154/2023-24 .

പ്രോജക്ട് : പോത്തുകുട്ടി ഗ്രാമം - വനിത .

അടങ്കൽ - 504000 (വികസന ഫണ്ട്-ജനറൽ) + 504000 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 416000 (വികസന ഫണ്ട്-ജനറൽ) + 416000(ഗുണഭോക്തൃ വിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

ബിൽ നമ്പർ - 23170152012501295244 Dt 29/02/2024 – 392000/-

ബിൽ നമ്പർ - 22317015201501377885 Dt 15/03/2024 -24000/-

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. പ്രസ്തുത പ്രോജക്ട് പ്രകാരം വിതരണം ചെയ്ത ഉരുക്കളിൽ വാർഡ് 3-ലെ ഗുണഭോക്താവായ റോയ് സി തോമസ്, ചുരുക്കാപ്രായിൽ എന്നവർക്ക് നൽകിയ പോത്തുകുട്ടി ചത്തു പോവുകയും ഇൻഷൂറൻസ് തുക നിർവ്വഹണ ഉദ്യോഗസ്ഥൻ വഴി ലഭ്യമാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഗുണഭോക്താവിന് കരാർ പ്രകാരം ഉരുവിനെ വളർത്താൻ നൽകാതെ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല.
2. 52 പേർക്ക് 8000/-രൂപ വീതമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇൻഷൂറൻസ് എടുത്തതിനു ശേഷമാണ് ഉരുക്കളെ വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ താഴെ ചേർത്ത ഉരുക്കൾക്ക് ഇൻഷൂറൻസ് എടുത്തതിന്റെ രേഖകളില്ല.

| ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | പേര് വിവരം | വാർഡ് |
|---|---|---|
| | | |

| | | |
|---|---|---|
| 11 | ജെസ്സി ജോബി, വെള്ളാപ്പിള്ളി | 13 |
| 67 | ഷീല മാത്യു കന്നത്ത് | 13 |
| 70 | ജിജി മൈക്കൽ പാട്ടത്തിൽപുറംപാത്തി | 11 |

മേൽ ചേർത്ത പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/29.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം സബ്സിഡിയായി നൽകിയ 8000/- രൂപ ഗുണഭോക്താവിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കുകയോ ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-13 പദ്ധതി രൂപീകരണ മോണിറ്ററിങ് ചെലവുകൾ - ഒരേ ടെണ്ടർ പരസ്യത്തിന് രണ്ടു തവണ തുക നൽകി

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 6/24 |
| അടങ്കൽ | 4,00,000 |
| ചെലവ് തുക | 2,53,578 (തനതു ഫണ്ട്) |

2023-24 വർഷത്തെ പദ്ധതി രൂപീകരണ, മോണിറ്ററിങ് ചെലവുകൾക്ക് 2,53,578/- രൂപ ചെലവഴിച്ചതിൽ, 2022-23 വർഷത്തെ പദ്ധതികൾക്ക് 21.03.23 ന് 'ദീപിക' പത്രത്തിൽ പരസ്യം ചെയ്ത വകയിൽ സ്ഥാപനത്തിന് രണ്ടു തവണ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവു തുക | ബിൽ പ്രൊസീഡിങ്സ് നമ്പർ തിയതി | റിമാർക്സ് |
|---|---|---|---|
| 1 | 29370 | 63/11.07.23 | 29,370/- രൂപ ചെലവ് ചെയ്തതിൽ, ഗ്രാമ പഞ്ചായത്തിന്റെ 303/23, 347/23, 343/23, 344/23 എന്നീ പ്രൊജക്ടുകൾക്ക് ദീപിക പത്രത്തിൽ ടെണ്ടർ പരസ്യം ചെയ്ത വകയിൽ 3213/- രൂപ ZD2303011/ 21/03.23 നമ്പർ ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് നൽകിയതാണ്. |
| 2 | 14783 | 442/23.02.24 | 14783/- രൂപ ചെലവ് ചെയ്തതിൽ, 5783/- രൂപ ദീപിക പത്രത്തിൽ പരസ്യം ചെയ്ത വകയിൽ ZD2303011/ 21/03.23, ZD2401003/31.12.23 എന്നീ ഇൻവോയിസുകൾ പ്രകാരം സ്ഥാപനത്തിന് നൽകിയതാണ്. |
| 3 | 23877 | 140/27.9.23 | 23877/- രൂപ ചെലവ് ചെയ്തതിൽ , 05.07.23 ന് ദീപിക പത്രത്തിൽ പരസ്യം ചെയ്ത വകയിൽ ZD23070033/ 05.07.23 എന്ന ഇൻവോയിസ് പ്രകാരം നൽകിയ തുക. |

ഗ്രാമ പഞ്ചായത്തിന്റെ 303/23, 347/23, 343/23, 344/23 എന്നീ പ്രൊജക്ടുകൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് ദീപിക പത്രത്തിൽ 21.03.23 ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച വകയിൽ, ZD2303011/ 21/03.23 നമ്പർ ഇൻവോയിസ് പ്രകാരം 3213/-രൂപ ദീപിക പത്രത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 2 പ്രകാരം ഇതേ ബില്ലിന് (21.03.23 ലെ ടെണ്ടർ പരസ്യം ) വീണ്ടും തുക അനുവദിച്ചതായി കാണുന്നു.

ക്രമ നമ്പർ 3 പ്രകാരം ദീപിക പത്രത്തിന്റെ ZD23070033/ 05.07.23 എന്ന ഇൻവോയിസ് പ്രകാരം ഡിസ്ക്കൗണ്ട് കഴിച്ചുള്ള ബിൽ തുക 3213/- രൂപയാണെങ്കിലും 3753/- രൂപ നൽകിയിട്ടുണ്ട്. അധികം

നൽകിയത് 540/- രൂപ. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 12/23-23 തിയതി 26.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 3753/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 വാഴക്കന്ന് വിതരണം - വനിത : പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നമ്പർ -119/2023-24 പ്രോജക്ട് : വാഴക്കന്ന് വിതരണം -വനിത

അടങ്കൽ - 425629 /-(പ്ലാൻ-ജനറൽ)

ചെലവ് - 425629/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നമ്പർ - 123170152012601244005 Dt 20.02.2024 RAIDCO Invoice No. KKD/728/2023-24 Dt 5.02.2024

മേൽ പദ്ധതി പ്രകാരം ഒരു വാഴക്കന്നിന് 17/- രൂപ നിരക്കിൽ 25037 കന്നുകൾ 425629/- രൂപക്ക് വാങ്ങുകയുണ്ടായി. 21 വാർഡുകളിലായി ശരാശരി 25 വാഴക്കന്നുകൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. വാർഡ് 3 ൽ 728 കന്നുകൾ വിതരണം ചെയ്തതിന്റെ പട്ടിക പരിശോധിച്ചതിൽ 602 എണ്ണമേ വിതരണം ചെയ്തിട്ടുള്ളൂ. എന്നാൽ തെറ്റായി 728 എണ്ണം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ ചേർത്ത പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30/ 29.7.2024)) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത വാഴക്കന്നുകളുടെ വിലയായ 2142/- (126x 17) രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 1-15 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള ഉയർന്ന തുക അനുവദിച്ചു -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

പ്രോജക്ട് : പഞ്ചായത്ത് ഓഫീസ് വിപുലീകരണം, 273/24

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 23,28,775/-തനതുഫണ്ട്

ചെലവ് : 23,27,161/- ചെ.നം.2203071/21.12.2023

പ്രൈസ് ഫയൽ നം.: 12830/2022

2022-23 വർഷത്തിൽ 70,00,000/-രൂപ തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയ ബഹു വർഷ പദ്ധതിയാണിത്(2022-23 -30,00,000/-രൂപ, 2023-24 -40,00,000/-രൂപ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും, സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നതും 30,00,000/-രൂപയ്ക്കാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി ACP പ്രവൃത്തിയും, അനുബന്ധ പ്രവൃത്തികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇ-ടെണ്ടർനടത്തി 22.35% കുറവ് നിരക്ക്(19,73,538.25/-)ക്വാട്ട് ചെയ്ത ജിബിൻ ജോസഫ് എന്ന കരാറുകരനെ പ്രവൃത്തി ഏൽപ്പിച്ചു.

തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത് DAR ലെ ഇനങ്ങളായ 25.1(ഉപയോഗിക്കുന്ന അലുമിനിയത്തിന്റെ വില), 25.2(ഗ്ലേസിംഗിന്റെ സ്ട്രക്ച്ചർ നിർമ്മാണം), 25.4(ഗ്ലേസിംഗിൽ തുറക്കുന്ന ഭാഗം നിർമ്മിക്കുന്നതിന്) എന്നീയിനങ്ങളാണ്. ഈയിനങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന പ്രവൃത്തികൾക്ക് അപര്യാപ്തമാണ്. നിർവ്വഹണ സമയം ആയത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇനം 25.7(ACP പ്രവൃത്തിയ്ക്കുള്ള ഇനം, അലുമിനിയത്തിന്റെ വിലയുൾപ്പെടാതെ), 25.3(ഗ്ലേസിംഗ് പ്രവൃത്തിയ്ക്കുള്ള ഗ്ലാസ് യുണിറ്റിന്റെ വിലയും, അനുബന്ധ പ്രവൃത്തി നിരക്കും) എന്നിവയുൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. അധികമായി ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് കണക്കാക്കി നിരക്ക് നിശ്ചയിച്ചു.

പദ്ധതി ഫയലിന്റേയും, അളവു പുസ്തകത്തിന്റെയും പരിശോധന, പ്രവൃത്തിയുടെ നേരിൽ പരിശോധന എന്നിവയിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

**1.** 2022-23വർഷത്തിൽ പ്രോ.നം. 214/23 ആയി തയ്യാറാക്കിയ പദ്ധതിയ്ക്ക് 70,00,000/-രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 30,00,000/-രൂപയിൽ ചുരുങ്ങിയതിന്റെ കാരണം വ്യക്തമല്ല. 2023-24, 2024-25 വർഷങ്ങളിൽ പഞ്ചായത്ത് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് വീണ്ടും പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആദ്യ വർഷത്തിൽ ഈ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതെന്തു കൊണ്ടെന്ന് വ്യക്തമല്ല.

**2.** എ.സി.പി, ഗ്ലേസിംഗ് എന്നിവയുടെ അലുമിനിയം സ്ട്രക്ച്ചറിനായി ഉൾപ്പെടുത്തിയ ഇനം 25.1 പരിശോധിച്ചാൽ T അല്ലെങ്കിൽ L സെക്ഷനുകളാണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് കാണുന്നു. എന്നാൽ പ്രവത്തിയ്ക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് അലുമിനിയം ട്യൂബുകളാണ്. കൂടാതെ ഡാറ്റയിൽ വിവരിക്കുന്ന പ്രകാരം 6.72$m^2$ ഏരിയയിലെ നിർമ്മാണത്തിന് 6.5Kg അലുമിനം ഉപയോഗപ്പെടുത്താം. അതായത് ഒരു ച.മീറ്റർ വിസ്തൃതിയ്ക്ക് 0.967Kg. പ്രവൃത്തിയുടെ അളവു പുസ്തക പ്രകാരം ആകെ 216$m^2$ (204$m^2$ ഫിക്സ്ഡ് ഏരിയ +12$m^2$ ഓപ്പനബിൾ ഏരിയ) വിസ്തൃതിയിൽ ഗ്ലേസിംഗ് ചെയ്തതിന് ആകെ 388.626Kg അലുമിനിയം ഉപയോഗിച്ചിട്ടുണ്ട്. ഡാറ്റയിൽ വിവരിക്കുന്ന നിരക്കിൽ കണക്കാക്കിയാൽ 216$m^2$ വിസ്തൃതി ചെയ്യാൻ 208.872Kg അലുമിനിയമാണ് ഉപയോഗപ്പെടുത്തേണ്ടത്. ചുവടെ വിവരിക്കുന്ന പ്രകാരം എസ്റ്റിമേറ്റിൽ പറയുന്ന വിധത്തിലുള്ള ഗ്ലാസ് യൂണിറ്റ് ഉപയോഗപ്പെടുത്തുമ്പോളാണ് ഈ

അളവിൽ അലുമിനിയം വേണ്ടതെന്നിരിക്കെ പ്രസ്തുത കനത്തിൽ ഗ്ലാസ് ഉപയോഗപ്പെടുത്താത്തപ്പോഴും കൂടുതൽ അളവിൽ അലുമിനിയം ഉപയോഗിച്ചതെന്തിനെന്ന് വ്യക്തമല്ല.

**3.** ഗ്ലേസിംഗിന് ഉപയോഗിക്കുന്ന ഗ്ലാസിനായി എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ ഇനം 25.3 ന്റെ ഡാറ്റ വിശദാംശം താഴെ കൊടുക്കുന്നു.

| Material | | | | | | M |
|---|---|---|---|---|---|---|
| 2617 | | 6 mm thick High performance glass | | | | |
| | | sqm | 7.02000 | 1000.00 | 7020.00 | M1 |
| 2618 | | 6 mm thick clear heat strengthened glass | | | | |
| | | sqm | 7.02000 | 650.00 | 4563.00 | M2 |
| Tools&Plants(Hire charges) | | | | | | T |
| 9999 | | Sundries (for insurance Charges) | | | | |
| | | L.S | 126.27000 | 2.00 | 252.54 | T1 |
| 9999 | | Sundries (Fabrication charges including silicon sealant, baker rod, descecant etc. | | | | |
| | | L.S | 2120.13000 | 2.00 | 4240.26 | T2 |
| 9999 | | Sundries Transportation including loading and unloading | | | | |
| | | L.S | 126.27000 | 2.00 | 252.54 | T3 |
| Total | | | 6.720 | sqm | 16328.34 | |
| Unit Total | | | 1.000 | sqm | 2429.81 | |
| Add Water Charge | | | 2429.81 | @1.00% | 24.30 | |
| Total | | | | | 2454.11 | |
| Add Contractors Profit & Overhead | | | 2454.11 | @15.00% | 368.12 | |
| Total | | | | | 2822.23 | |
| Add Cost Index | | | 2822.23 | @36.44% | 1028.42 | |
| Total | | | | | 3850.65 | |
| Add Tender Variation | | | 3850.65 | @-22.36% | -861.01 | |
| Total | | | | | 2989.64 | |
| GRAND TOTAL | | | | sqm | 2989.64 | |

ഈ വിവരണ പ്രകാരം ഗ്ലേസിംഗിന് ഉപയോഗപ്പെടുത്തുന്ന ഗ്ലാസ് യൂണിറ്റിൽ 6mm വീതം കനത്തിലുള്ള ഹൈ പെർഫോമൻസ് ഗ്ലാസും, ഹീറ്റ് സ്ട്രെങ്ത്തൻഡ് ഗ്ലാസുകളും. ഇവ തമ്മിൽ 12mm കനത്തിൽ Airgap ഉണ്ടായിരിക്കണം. ഈ യുണിറ്റുകൾ ഫാക്ടറിയിൽ/ഗ്ലാസ് പ്രോസസ്സറുടെ വർക്ക് ഷോപ്പിൽ നിന്നു തന്നെ ആവശ്യമായ അളവിൽ തയ്യാറാക്കി കൊണ്ടു വരണം. ആയതിനുള്ള നിരക്കു കൂടി ഈയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ പ്രവൃത്തി പരിശോധിച്ചതിൽ ഈ വിധത്തിലുള്ള ഗ്ലാസ് യൂണിറ്റുകളല്ല ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. 6mmകനത്തിലുള്ള ഇൻസുലേറ്റഡ് ആയ ഒരു ഗ്ലാസ് മാത്രമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്(മേൽ ഐറ്റത്തിൽ വിവരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള ഏതെങ്കിലും ഗ്ലാസ് ആണോയെന്ന് വ്യക്തമല്ല). ഈ സാഹചര്യത്തിലും മേൽ ഇന പ്രകാരമുള്ള നിരക്ക് കരാറുകാരന് നൽകിയതെന്തു കൊണ്ടെന്ന് വ്യക്തമല്ല.

അളവു പുസ്തക പ്രകാരം 1m നീളവും, 60cm വീതിയിലുമുള്ള 340 ഗ്ലാസുകൾ ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. (ഫയലിൽ ലഭ്യമായ OPTIM ENGINEERING SOLUTIONS, Thrissurഎന്ന സ്ഥാപനത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ റിപ്പോർട്ട് പ്രകാരം ഉപയോഗിക്കുന്ന ഗ്ലാസ് 6mm കനത്തിലുള്ള ഹീറ്റ് സ്ട്രെൻങ്ത്തൻഡ് ഗ്ലാസാണ്)

**4.** ഇനം 25.4ൽ ഉൾപ്പെടുത്തി തുറക്കുന്ന ഗ്ലാസ് ഭാഗങ്ങൾക്കായി 20ഗ്ലാസ് യുണിറ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിലും 6mmവീതമുള്ള രണ്ടു ഗ്ലാസുകൾ ഉപയോഗപ്പെടുത്താനാണ് വിവരിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയ്ക്കും ഉപയോഗിച്ചത് ക്രമ നം.3ൽ വിവരിച്ച അതേ ഗ്ലാസാണ്.

മുകളിൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടന്നിട്ടും ആയത് പരിശോധിക്കാതെ/പരിഗണിക്കാതെ കരാറുകാരന് തുക നൽകിയതും, എസ്റ്റിമേറ്റ് സ്പെസിഫിക്കേഷനിൽ ഗ്ലേസിംഗ് ചെയ്യാത്ത സാഹചര്യത്തിലും അലുമിനിയത്തിന്റെ അളവ് ക്രമാതീതമായി കൂടിയതും എപ്രകാരമാണെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് 30 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തിയതിന്റെ കാരണവും വ്യക്തമല്ല.

ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥയും വ്യത്യസ്തമായ നിർമ്മാണം ശ്രദ്ധിച്ചിട്ടില്ലെന്ന് മനസ്സിലാകുന്നു. പ്രവൃത്തിയിൽ ഉപയോഗിച്ച ഗ്ലാസിന്റെ യഥാർത്ഥ സ്പെസിഫിക്കേഷൻ ഏതെന്നും അറിയിക്കാനും, ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനുമായി നിർവ്വഹണോദ്യോഗസ്ഥയ്ക്കും, അസി.എക്സി.എഞ്ചിനീയർക്കും ഓഡിറ്റ് എൻക്വയറി(നം. 5/23-24/25.7.24)നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

ഓഡിറ്റ് വർഷത്തിൽ മറ്റൊരു പദ്ധതിയിലൂടെ(പ്രോ.നം.305/24, അടങ്കൽ 16,28,506/-) പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തിരിക്കുന്നത് 14.09% കുറവ് നിരക്കിലാണ്. മുകളിൽ വിവരിച്ച രീതിയിൽ ആദ്യം രൂപീകരിച്ച 70 ലക്ഷം അടങ്കലിലുള്ള പദ്ധതിയിൽ ഈ പ്രവൃത്തികൾകൂടി ഉൾപ്പെടും വിധം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ആദ്യ പദ്ധതിയ്ക്ക് ലഭിച്ച 22.35% ടെണ്ടർ കുറവ് പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

അളവു പുസ്തക പ്രകാരം 1m നീളവും, 60cm വീതിയിലുമുള്ള 340ഗ്ലാസുകൾ സ്ഥാപിച്ചതിന് ആകെ 204$m^2$ ന് 2989.64രൂപ നിരക്കിൽ 6,09,886.56 + 18% GSTരൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഡബിൾ ഗ്ലേസിംഗ് യഥാർത്ഥത്തിൽ ചെയ്തിട്ടില്ലാത്തതിനാൽ ഈ നിരക്കിന് കരാറുകാരന് അർഹതയില്ല.

മുകളിൽ വിവരിച്ച രീതിയിൽ സ്ട്രക്ച്ചറൽ ഡിസൈൻ റിപ്പോർട്ടിൽ കാണിച്ച 6mm കനത്തിലുള്ള ഹീറ്റ് സ്ട്രെൻങ്ത്തൻഡ് ഗ്ലാസാണ് ഉപയോഗിച്ചതെങ്കിൽ ഈയിനത്തിന് നൽകാവുന്ന പരമാവധി നിരക്ക് 927.95/-രൂപയാണെന്ന്(മേൽ ഡാറ്റയിൽ നിന്നും മെറ്റീരിയൽ കോഡ് 2617, Tools $Plants ൽ നിന്നും സിലിക്കോൺ സീലന്റ്, ബേക്കർ റോഡ്, ഡെസികന്റ് എന്നിവയുൾപ്പെടെയുള്ള ഫാബ്രിക്കേഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കിയുള്ള നിരക്ക്). ഈ വിധം കണക്കാക്കിയാൽ ഉപയോഗപ്പെടുത്തിയ 340 ഗ്ലാസിന് വേണ്ടി വരുന്ന നിരക്ക് വെറും 1,89,301.8 +18% GST(340x0.6x1=204m$^2$) ആണെന്ന് കാണാം. ഇത്തരത്തിൽ കരാറുകാരന് 4,20,584.76 + 18% GST രൂപ അധികമായി നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് ഈ വിധം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-16 ലോ മാസ്റ്റ് - ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി - ലൈറ്റുകളുടെ എണ്ണത്തിൽ കൃത്യതയില്ല - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 161/23 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 4,90,000 (തനതു ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 36296 /- | 349/25.01.24 |
| 4,53,704/- | 350/25.01.24 |

ഗ്രാമ പഞ്ചായത്തിലെ 190 എൽ.ഇ.ഡി ബൾബുകൾ, ലോമാസ്റ്റ് , ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്ട് രൂപികരിച്ചിട്ടുള്ളത്. (കടപ്പൻ ചാൽ അങ്ങാടി, തെയ്യപ്പാറ, ചെമ്പുകടവ് എന്നീ സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റുകളും പുലിക്കയം എന്ന സ്ഥലത്ത് ഹൈമാസ്റ്റ് ലൈറ്റും) എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന പി.എം.സി ആയി പദ്ധതി നടപ്പാക്കുന്നതിന് 04.10.23 ലെ എസ്.സി.2- 1705/23 നമ്പർ ടെണ്ടർ നോട്ടീസ് മുഖേന സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ KSIE, സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, KEL എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിങ് കമ്പനി (KEL) എന്ന സ്ഥാപനത്തിനെ പി.എം.സി ആയി അംഗീകരിക്കുകയും, സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമായി ശ്രേയ സോളാർ & ഇലക്ട്രിക്കൽസ് കോഴിക്കോട് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം ക്വാട്ട് ചെയ്തതു പ്രകാരം തെരുവ് വിളക്കുകൾക്ക് ഒരു യൂണിറ്റിന് 1333.96/- രൂപ നിരക്കിൽ 190 യൂണിറ്റുകൾക്ക് 2,53,452/- രൂപ നിരക്കിലും 3 മിനിമാസ്റ്റ് ലൈറ്റുകൾക്ക് ഒന്നിന് 27,464/- രൂപ നിരക്കിൽ 82392/- രൂപ നിരക്കിലും ഹൈ മാസ്റ്റ് ലൈറ്റിന് ഒന്നിന് 48651/- രൂപ നിരക്കിലും ആകെ ജി.എസ്.ടി ഉൾപ്പടെ 453704/- രൂപ ശ്രേയ സോളാർ & ഇലക്ട്രിക്കൽസ് കോഴിക്കോട് എന്ന സ്ഥാപനത്തിനും 36290/- രൂപ പി.എം.സി ചാർജായി KEL എന്ന സ്ഥാപനത്തിനും ഉൾപ്പടെ ആകെ ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 4,90,000/- രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. എ.എം.സി ക്ക് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. മൂന്ന് ലോ മാസ്റ്റ് ലൈറ്റുകൾക്കും 190 തെരുവ് വിളക്കുകൾക്കും (എൽ.ഇ.ഡി) ഒരു ഹൈമാസ്റ്റ് ലൈറ്റിനും എ.എം.സി വെച്ച വകയിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലോ മാസ്റ്റ് - ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച വർഷം, സ്ഥാപിച്ച സ്ഥലം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ഇ- ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലൈററുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ എ.എം.സി വെച്ച മേൽ ലൈറ്റുകൾക്ക് Replacement Warranty, AMC എന്നിവ നിലവിലുണ്ടോ എന്ന് വ്യക്തമല്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ (പേജ് 1 മുതൽ 41 വരെ ) ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള വിവിധ ഇനത്തിലുള്ള (ഓർഡിനറി, സി.എഫ്.എൽ. ഓട്ടോമാറ്റിക്, ഫ്ലൂറസന്റ് ട്യൂബ്, എൽ.ഇ.ഡി) ലൈറ്റുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധിച്ചതിൽ ആകെ 24 സ്ഥലത്ത് മാത്രമാണ് നിലവിൽ എൽ.ഇ.ഡി ബൾബുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ പേജ് 46 മുതൽ 98 വരെ രേഖപ്പെടുത്തിയിട്ടുള്ള 210 എൽ.ഇ.ഡി ബൾബുകൾ 2023-24 വർഷം 160/24 നമ്പർ പ്രൊജക്ട് പ്രകാരം സ്ഥാപിച്ചവയാണ്.

2. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ്ഥാപനം ക്വാട്ട് ചെയ്തത് പ്രകാരം 2 വർഷ വാറന്റി ഉൾപ്പടെയുള്ള പരിപാലനത്തിനുള്ള നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. അങ്ങനെയെങ്കിൽ എഗ്രിമെന്റ് തിയതിയായ (ട്രൈ പാർട്ടി) 13.11.23 മുതൽ 12.11.25 വരെ കരാറിന് കാലാവധിയുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് എഗ്രിമെന്റിൽ വ്യവസ്ഥകളൊന്നും

തന്നെ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റിപ്പയർ ചെയ്യുന്നതിന് അനുസൃതമായുള്ള ബില്ലുകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകേണ്ടത് എന്നിരിക്കേ 25.01.24 ന് സ്ഥാപനത്തിന് കരാർ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചു.

ലോമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തികബാധ്യത ആണെന്നിരിക്കേ ഇത് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നതും എ.എം.സിയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾപ്പെടുത്താത്തതും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 4,90,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - എ.എം.സി.ക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| പ്രൊജക്ട് നമ്പർ | 299/24 |
| അടങ്കൽ തുക | 11,50,000 (വികസന ഫണ്ട്, ജനറൽ) |
| | 4,00,000 (തനതു ഫണ്ട്) |
| ചെലവ് തുക | 3,37,425 (തനതു ഫണ്ട്) |
| ബിൽ സാങ്ഷൻ നമ്പർ, തിയതി | 644/26.03.24 |

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതാണ് പദ്ധതി. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ യിണൈറ്റഡ് ഇലക്ട്രിക്കൽസ്, സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, KEL എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ പി.എം.സി ആയി അംഗീകരിക്കുകയും, സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമായി ശ്രേയ മെഗാടെക്, പറയഞ്ചേരി, കോഴിക്കോട് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 15,50,000/- രൂപയുടെ അടങ്കലിൽ പ്രൊജക്ട് രൂപികരിച്ച ഈ പദ്ധതിയ്ക്ക് തൻ വർഷം 337425/- രൂപയും 2024-25 ൽ 11,50,000/- രൂപയും അടക്കം ആകെ 14,87,425/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലൈററുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടെണ്ടറിൽ ഇത്തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ ട്രൈപാർട്ടി എഗ്രിമെന്റിൽ സ്ഥാപിച്ച ലൈറ്റുകൾക്ക് 3 വർഷ വാററ്റി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എ.എം.സി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച സ്ഥലങ്ങൾ, വർഷം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ നിലവിൽ ഉണ്ടെങ്കിൽ അങ്ങനെയുള്ളവയുടെ കണക്ഷൻ ഒഴിവാക്കേണ്ടതാണെങ്കിലും അപ്രകാരം 10 സ്ഥലങ്ങളിലും തെരുവ് വിളക്കുകളുടെ കണക്ഷൻ ഒഴിവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. തൻവർഷം സ്ഥാപനങ്ങൾക്ക് തുക നൽകിയപ്പോൾ ജി.എസ്.ടി./ഐ.ടി ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 35 /23-24 തിയതി 25.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൻവർഷം ലോ മാസ്റ്റ് ലൈറ്റുകളുടെ എ.എം.സി -യ്ക്കായി രൂപീകരിച്ച 161/24 നമ്പർ പ്രൊജക്ട് പ്രകാരം മിനിമാസ്റ്റ് ലൈറ്റുകൾക്ക് ഒന്നിന് 27,464/- രൂപ നിരക്കിലാണ് എ.എം.സി യ്ക്കായി ചെലവഴിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ പുതിയതായി സ്ഥാപിച്ച ഈ 10 ലൈറ്റുകൾക്കായി വർഷം തോറും 3 ലക്ഷം രൂപയോളം ലൈറ്റുകളുടെ പരിപാലനത്തിനായി ചെലവ് വരുന്നതാണ്. മേൽ ഉത്തരവിലെ നിർദ്ദേശാനുസരണം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഒരു വർഷത്തേക്ക് 3 ലക്ഷം രൂപ തോതിൽ 3 വർഷത്തേക്ക് ഏതാണ്ട് 9,00,000/- രൂപയുടെ അനാവശ്യ ചെലവ് ഒഴിവാക്കാമായിരുന്നു. ഇത്തരത്തിൽ ദീർഘവീക്ഷണം ഇല്ലാതെ പദ്ധതി തയ്യാറാക്കിയത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 3,37,425/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

അടങ്കൽ :- 3,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 3,00,000/- (ബിൽ നം.391 /23-24 തീയ്യതി 06.02.24)

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ ബിൽ മുഖാന്തിരം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള നെല്ലിപൊയിൽ, വട്ടച്ചിറ എന്നീ ഹോമിയോ ഡിസ്പൻസറികളിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഹോംകോയ്ക്ക് തുക നൽകി ആറുമാസത്തോളമായിട്ടും 101357/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,98,643/- രൂപയ്ക്ക് മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ 20.05.24 ന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ 1,98,643/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 പൂർത്തീകരണ വിവരം ലഭ്യമല്ല

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത സ്ഥാപനങ്ങൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട് / ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതിൽ പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 167/24 സ്ട്രീറ്റ് മെയിൻ വലിക്കൽ | 10,24,998 | 491/14.03.24 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കോടഞ്ചേരിയുടെ 29.02.24 ലെ ഡി.ബി/23-24 എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തു. |
| 2 | 383/24 KSEB ലൈൻ മാറ്റി സ്ഥാപിക്കൽ | 400338 | 436/22.2.24 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കോടഞ്ചേരിയുടെ 29.02.24 ലെ ഡി.ബി/23-24 എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തു. |
| 3. | 295/24 ഐ.ടി.അടിസ്ഥാന ടെക്നോളജി ഇൻക്യുബേഷൻ സെന്റർ | 50,000 | 294/5.1.24 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 23-24 വർഷ സംയുക്ത പദ്ധതിയായ തലക്കുളത്തൂർ ഐ.ടി.ഇൻക്യുബേഷൻ സെന്ററിനുള്ള തുക ജില്ലാ പഞ്ചായത്തിന് കൈമാറി. ഐ.ടി.ഇൻക്യുബേഷൻ സെന്ററിന്റെ പൂർത്തീകരണ വിവരം, തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 14,75,336 – രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം- അപാകതകൾ.

പ്രോജക്ട് നമ്പർ - 45/2023-24

പ്രോജക്ട് :എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ.

അടങ്കൽ - 150000/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് - 149250/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ ,ഗവ.യു പി സ്ക്കൂൾ.

ബിൽ നമ്പർ - 389 Dt 05/02/2024.

യു ടി ആർ നമ്പർ RBI0852458565955/23.03.24

മേൽ പ്രോജക്ട് നിർവ്വഹിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1.ARTCO - ൽ നിന്നും വാങ്ങിയ അസ്സൽ Invoice ലഭ്യമാക്കിയിട്ടില്ല.

2 ആകെ വിതരണം നടത്തേണ്ട 30 പേരിൽ 21 പേരുടെ വിതരണ/കൈപ്പറ്റ് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ.

3. I)വിപിൻ ബാലൻ S/Oബാലൻ, Ii)വിജയ് കുട്ടൻ,മേക്കോന്നി, Iii) ജയേഷ് ബിനീഷ് എന്നീ മൂന്നു പേരുടെ സ്കൂൾ അധികൃതരിൽ നിന്നും വിദ്യാർത്ഥികളാണെന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് വിതരണം നടത്തിയത്.

4. 2023-24 ലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 4 പേർക്കും ആനുകൂല്യം നൽകുകയുണ്ടായി.
മേൽപറഞ്ഞ രേഖകൾ പരിശോധിക്കുന്നതിനായി ഓഡിറ്റ് ലഭ്യമാക്കിയിട്ടില്ല.

ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/29.7.2024) മറുപടിയും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ ആനുകൂല്യം നൽകിയ തുകയായ 149250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 വനിത ഘടക പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ .**

പ്രോജക്ട് നമ്പർ - 76/2023-24

പ്രോജക്ട് : വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം .

അടങ്കൽ - 490800.00 ( ഫണ്ടിനം-പ്ലാൻ- ജനറൽ)

ചെലവ് - 490786 .00

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി എച്ച് സി.

ബിൽ നമ്പർ - 23170152012401262054 /22-02-2024

മേൽ പ്രോജക്ട് പ്രകാരം 'എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് ' എന്ന സ്ഥാപനത്തിൽ നിന്നും Invoice No.9423051710/31.03.24 പ്രകാരം 1636 എണ്ണം മെൻസ്ട്രുവൽ കപ്പ് വാങ്ങിയിരുന്നു. എന്നാൽ വിതരണ/ കൈപ്പറ്റ് രജിസ്റ്റർ പ്രകാരം 2375 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചു വ്യക്തത ആവശ്യപ്പെട്ടതിൽ മുൻ വർഷങ്ങളിലെ വിതരണം ചെയ്യാത്തവ കൂടി നൽകി എന്നാണറിയിച്ചത്. മുൻ വർഷത്തെ രേഖകൾ, കൈപ്പറ്റ് എന്നിവ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതിക്കായി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്ക്കരണവും നടത്തേണ്ടതുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ട് പൂർത്തിയായി നാല് മാസം കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചതായും കാണുന്നില്ല. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടിയും രേഖകളും ലഭ്യമാക്കുന്നതുവരെ 490786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 എ.ബി.സി പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

പ്രോജക്ട് നമ്പർ : 159/24

ചെലവ് : 100000/-.

പ്രോജക്ടിന്റെ പേര് : ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം വിഹിതം നൽകൽ.

ബിൽ നം. 23170152012501377913/15.03.24.

മേൽ പ്രോജക്ട് നിർവഹണത്തിനായി വെറ്റിനറി സർജൻ ജില്ലാ പഞ്ചായത്തിലേക്ക് തുക ഡെപ്പൊസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രവർത്തിയുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളില്ല.**

പ്രോജക്ട് നമ്പർ - 163/2023-24 -യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം.

അടങ്കൽ - 60000/-(തനത് ഫണ്ട്)

ചെലവ് - 60000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ ഗവ.യു പി സ്കൂൾ
ചെക്ക് നം. തിയ്യതി. FDRL 150691/30.3.2024.

ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 'TRIO SPORTS' കാരാടി, താമരശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും Tax Invoice CS/NG 1833/26.03.24 പ്രകാരം സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 60000/-രുപ നൽകുകയുണ്ടായി. എന്നാൽ അംഗീകൃത ക്ലബ്ബുകൾക്ക് യുവജനസമിതി ഏകോപനസമിതി ലിസ്റ്റ് പ്രകാരം സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തതിന്റെ രേഖകളില്ല .പ്രസ്തുത അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/29.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 എസ് സി വനിത – പോത്തുകുട്ടി വിതരണം പദ്ധതി – അപാകതകൾ**

പ്രോജക്ട് നമ്പർ -172/2023-24

പ്രോജക്ട് എസ് സി കുടുംബങ്ങൾക്ക് പോത്തുകുട്ടി വിതരണം -വനിത

അടങ്കൽ - 120000/- (വികസന ഫണ്ട്- എസ് സി പി)

ചെലവ് - 48000/-(വികസന ഫണ്ട്- എസ് സി പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

ബിൽ നമ്പർ - 23170152015201335195 Dt 07/03/2024.

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഉരുക്കളെ വിതരണം ചെയ്തതിന്റെയോ കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. ഷീബ വി സി – വാർഡ് 2
2.അമൃത ഭാസ്ക്കരൻ - വാർഡ് 3
3. നിഷ പ്രകാശ് മാരാത്ത് - വാർഡ് 11
4. ലക്ഷ്മി നെല്ലിയോടൻകണ്ടി - വാർഡ് 1

അപേക്ഷിച്ച വ്യക്തിക്ക് തന്നെയാണ് ഉരുക്കളെ നൽകിയതെന്ന് ഉറപ്പാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/29.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയും രേഖകളും ലഭ്യമാക്കാത്തതിനാൽ 48000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-25 വിദ്യാർത്ഥികൾക്ക് (എസ് ടി)ഫർണ്ണീച്ചർ വിതരണ പ്രോജക്ടിലെ അപാകതകൾ.</u>**

പ്രോജക്ട് നമ്പർ - 46/2023-24

പ്രോജക്ട് : എസ്. ടി. വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

അടങ്കൽ - 120000 /-

ചെലവ് - 113525/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ ഗവ.യു പി സ്ക്കൂൾ

ബിൽ നമ്പർ - 390 Dt 05/02/2024

യു ടി ആർ നമ്പർ : RBI0852458565960/23.03.24

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1.ARTCO - ൽ നിന്നും വാങ്ങിയ ഫർണ്ണിച്ചറിന്റെ അസ്സൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.

2 ആകെ വിതരണം ചെയ്യേണ്ട 19 പേരിൽ 15 പേരുടെ വിതരണ/കൈപ്പറ്റ് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ.

3 താഴെ പറയുന്ന 4 വിദ്യാർത്ഥികളുടെ അവർ പഠിക്കുന്ന സ്ക്കൂൾ അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1. ഷെറിൻ ബാബു

2.കാർത്തിക് സി ബി

3. നിവേദിത പി

4. അനീഷ് രാജ്

4 2023-24 ലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 9 പേർക്കും ആനുകൂല്യം നൽകുകയുണ്ടായി.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,13,525/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-26 പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ .</u>**

പ്രോജക്ട് നമ്പർ - 77/2023-24

പ്രോജക്ട് : സാന്ത്വന പരിചരണ പദ്ധതി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

അടങ്കൽ - 650000 ( പ്ലാൻ ജനറൽ)

ചെലവ് - 5,82,111/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,സി എച്ച് സി.

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

താഴെ ചേർത്ത ചെലവ് തുകകളുടെ രേഖകളാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 02/23-24 | 13/06/23 | 105570 |
| 04/23-24 | 13/06/23 | 45820 |
| 06/23-24 | 06/07/23 | 43130 |
| 09/23-24 | 09/08/23 | 50110 |
| 12/23-24 | 11/09/23 | 46550 |

| | | |
|---|---|---|
| 14/23-24 | 10/10/23 | 44830 |
| 19/23-24 | 19/12/23 | 51406 |
| 21/23-24 | 09/01/24 | 49810 |
| 23/23-24 | 22/02/24 | 76810 |
| 26/23-24 | 23/02/24 | 23525 |
| ആകെ | | 5,37,561 |

എന്നാൽ ആകെ ചെലവായ തുകയിൽ നിന്ന് 44550/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. സമയബന്ധിതമായി പാലിയേറ്റീവ് നേഴ്സിന്റെ വേതനം നൽകി വരുന്നില്ല. ബിൽ നമ്പർ 02/23-24 പ്രകാരമുള്ള 105570/- രൂപയുടെ ചെലവിനത്തിൽ നേഴ്സിന്റെ 2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസത്തെ വേതനം 2023 ജൂണിലാണ് നൽകിയിട്ടുള്ളത്. 2024 ഫെബ്രുവരി മാർച്ച് മാസങ്ങളിലെ വേതനവും യഥാസമയം നൽകിയിട്ടില്ല. എച്ച്എംസി ഫണ്ടിൽ നിന്നും കമ്മിറ്റിയുടെ അനുമതിയോടെ അനുവദിച്ചതായും കാണുന്നില്ല. 2015 -ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ജി.ഒ. (ആർ.ടി)3217/2015-ലെ ഖണ്ഡിക 2.8.11 പ്രകാരം പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം യാതൊരു വീഴ്ചയും കൂടാതെ പ്രവൃത്തി ചെയ്ത മാസത്തിന്റെ തൊട്ടടുത്ത മാസം 10-ാം തീയ്യതിക്കകം നൽകേണ്ടതാണ്. പദ്ധതിയുടെ അംഗീകാരം വൈകിയാൽ ഹോണറേറിയം നൽകാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം തനത്ഫണ്ടിൽ നിന്നും നൽകാവുന്നതും പിന്നീട് പദ്ധതി പണം തനത്ഫണ്ടിൽ അടവാക്കാവുന്നതുമാണ്.

3. സർക്കാർ ഉത്തരവു പ്രകാരം 10/2023 മുതൽ പുതുക്കിയ വേതനത്തിന് കമ്മ്യൂണിറ്റി നേഴ്സിന് അർഹതയുണ്ടെങ്കിലും 2023,ഒക്ടൊബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പുതുക്കിയ വേതനം നൽകിയതായി കാണുന്നില്ല. 2024 ജനുവരി മാസത്തെ പുതുക്കിയ വേതനമാണ് 02/2024 ലെ ബില്ലിൽ നിന്നും മാറിയിട്ടുള്ളത്. മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/29.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 44550/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്നവരുടെ വേതനം പരമാവധി കൃത്യസമയത്ത് നൽകുവാൻ ശ്രമിക്കേണ്ടതാണ്. മറ്റ് പരാമശങ്ങൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 അഗ്രി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്ട് 182/24

വകയിരുത്തിയത് :: 50000(പൊതു വിഭാഗം )

ചെലവ് :: 50000(പൊതു വിഭാഗം )

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്.അഗ്രി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വിഹിതം നൽകൽ എന്നത് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് .പദ്ധതി നിർവ്വഹണത്തിനായി ബിൽ നമ്പർ 304/ 10.1.24 പ്രകാരം 50000/- രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട് . മേൽ തുക ചെലവഴിച്ചതിന് ജില്ലാപഞ്ചായത്തിൽ നിന്നുള്ള ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു .

## 1-28 എസ്.എസ്.കെ. പദ്ധതി -വിനിയോഗ വിവരം - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 37/24 |
| അടങ്കൽ | 1000000/-(വികസനഫണ്ട്- ജനറൽ) |
| ചെലവ് | 1000000/- |
| ബിൽ നം. | 147/7.10.2023. |

സർക്കാർ മാർഗ്ഗരേഖ സ.ഉ(കൈ)നം.84/2022/തസ്വഭവ. തി.19.04.2022] പ്രകാരം എസ്.എസ്.കെ- ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്ക്കുളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്ത് വിഹിതമാണ് മേൽ ബിൽ പ്രകാരം എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുള്ളത്. പഞ്ചായത്തിലെ

സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് പഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതേയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് നഗരസഭാ പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് . വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിന്റെ ചെലവായ 1000000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 മുട്ട ഗ്രാമം - വനിത പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ .

പ്രോജക്ട് നമ്പർ -155/2023-24 മുട്ട ഗ്രാമം - വനിത

അടങ്കൽ - 504000 (വികസന ഫണ്ട്-ജനറൽ)+42000 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 488000(വികസന ഫണ്ട്-ജനറൽ)+40700(ഗുണഭോക്തൃ വിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

ബിൽ നമ്പർ - 23170152012501481167/24.3.24.: 488000/-

ബിൽ /ചെക്കുനമ്പർ - P 21/23-24/15.3.24: 40700/-

'അമ്പലപ്പാട്ട് എഗ് നഴ്സറി', മഞ്ഞാശ്ശേരി മുക്കം എന്ന സ്ഥാപനത്തിൽ നിന്നും 4070 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തു. ഒരാൾക്ക് 5 എണ്ണം വീതം 814 പേർക്കാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 682 പേർക്കാണ് വിതരണം ചെയ്തതിന്റെ കൈപ്പറ്റുള്ളത്. 132 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ (132 X 5) 660 കോഴികുഞ്ഞുങ്ങൾക്ക് ചെലവായ തുക 79200 (660 X 120) രൂപ തടസ്സപ്പെടുത്തുന്നു.

പരാമർശത്തിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/29.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 എസ് ടി കുടുംബങ്ങൾക്ക് പോത്തുകുട്ടി വിതരണം പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ .

പ്രോജക്ട് നമ്പർ -176/2023-24 പ്രോജക്ട് : എസ് ടി കുടുംബങ്ങൾക്ക് പോത്തുകുട്ടി വിതരണം -വനിത

അടങ്കൽ - 160000/- (വികസന ഫണ്ട്- ടി എസ് പി)

ചെലവ് - 160000/-(വികസന ഫണ്ട്- ടി എസ് പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

ബിൽ നമ്പർ - 23170152012501296798 Dt 29/02/2024

100% സബ്സിഡിയായി 10 പേർക്ക് 16000/-രൂപ നിരക്കിൽ ഉരുക്കളെ ശ്രീ.ഷലീൽ.ഒ.പി എന്നവരിൽ നിന്നും വാങ്ങി തുക നൽകുകയുണ്ടായി. എന്നാൽ വാങ്ങിയ പോത്തുകുട്ടികളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും 5 ഗുണഭോക്താക്കൾ അംഗങ്ങളുമായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം, ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ സംബന്ധിച്ച വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ പരിശോധന വേളയിൽ ലഭ്യമാക്കിയിട്ടില്ല. മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/29.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-31 ഉപകരണങ്ങൾ വാങ്ങൽ -തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല

ഉപകരണങ്ങൾ വാങ്ങൽ - തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി "ക്രാഡിൽ" അങ്കണവാടിയാക്കുന്നതിനുള്ള ഫർണീച്ചർ, കളി ഉപകരണങ്ങൾ വാങ്ങൽ " എന്ന പദ്ധതി തൻവർഷം നടപ്പിലാക്കിയിട്ടുണ്ട് .

(പ്രോജക്ട് നമ്പർ 222)

വകയിരുത്തിയത് : 300000/- (ഫണ്ട് -MGNR)

ചെലവ് : 300000/- (ഫണ്ട് -MGNR)

പദ്ധതിയുടെ നടത്തിപ്പിനായി ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ORDIENT ENTERPRISES എന്ന സ്ഥാപനത്തിൽനിന്നാണ് കളി ഉപകരണങ്ങൾ വാങ്ങിയത്. ബിൽ നമ്പർ 317/12.1.24 : 300000/-

പ്രസ്തുത ബിൽ തുകയിൽ 6000/-രൂപ ജി.എസ്.ടി കഴിച്ച് വരുന്ന 294000/- രൂപയിൽ നിന്നും 2% GST -ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് സ്ഥാപനത്തിനു തുക നൽകിയത് . മേൽ സ്ഥാപനത്തിന് തുക നൽകുിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം ഫയൽ ചെയ്ത GST

നികുതി റിട്ടേണിൽ പഞ്ചായത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി നൽകിയ 3,00,000/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണത്തിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല-അധിക ചെലവിനു കാരണമാകുന്നു

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടത്തിയ വിവിധ ഡ്രൈനേജുകളുടെ നിർമ്മാണത്തിൽ തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.04.2021ലെ ഡിബി1/3727/2021/CE/LSGD നമ്പർ പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. തദ്ദേശ സ്ഥാപനങ്ങളിലെ പ്രവൃത്തികളിൽ ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനായി നൽകിയ മേൽ നിർദ്ദേശങ്ങളിലെ പ്രധാന കാര്യങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം |
|---|---|
| ബെഡ് കോൺക്രീറ്റ് | 11.4.1.1 |
| സൈഡ് വാൾ | 11.4.2.1 കോൺക്രീറ്റ് അനുപാതം 1:2.5:5 |
| വെയറിംഗ് കോട്ട് | 11.4.3.1ൽ നിന്നും 40mmമെറ്റൽ, ഫോംവർക്ക് എന്നിവ ഒഴിവാക്കി ODതയ്യാറാക്കാം |
| RCC ഡ്രൈനുകളുടെ കാര്യത്തിൽ ബോട്ടം, സൈഡ് വാൾ എന്നിവയുടെ കോൺക്രീറ്റിന് 12.5.3 ഉം, സ്റ്റീലിനായി 12.7 ഉം ഉപയോഗപ്പെടുത്താം. | |

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടത്തിയ ചില ഡ്രൈൻ നിർമ്മാണങ്ങളും അവയിൽ ഉപയോഗപ്പെടുത്തിയ ഇനങ്ങളും ചുവടെ ചേർക്കുന്നു.

| പദ്ധതി | പ്രവൃത്തികൾ | ഇനങ്ങൾ | വിശദാംശം |
|---|---|---|---|
| സീയോൻ ഹാൾ ഇരുപൂളം കവല പാത്തിപ്പാറ റോഡ് സൈഡ് കെട്ട്, ഡ്രൈനേജ് നിർമ്മാണം, പ്രോ.നം.254/24 | മണ്ണ് പ്രവൃത്തി | 3.5.1 | 1.ഡ്രൈൻ വാൾ RCC അല്ലാതിരുന്നിട്ടും റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തി. 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് നൽകി |
| | ഡ്രൈൻ ബെഡ് | 11.4.1.1 | |
| | ഡ്രൈൻ വാൾ | 12.5.1.1 | 2.വെയറിംഗ് കോട്ടിനും റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തി. വെയറിംഗ് കോട്ടിന് ഫോംവർക്ക് ആവശ്യമില്ലാഞ്ഞിട്ടും 10% നിരക്കുൾപ്പെടുന്ന ഇനം നൽകി.ഈയിനത്തിൽ 40mmമെറ്റൽ ഉൾപ്പെട്ടതും ശ്രദ്ധേയമാണ്. |
| | വെയറിംഗ് കോട്ട്, വീടുകളിലേയ്ക്ക് സ്ലാബ് | 12.5.2.1 | |
| മരുതിലാവ് മേലേ മരുതിലാവ് റോഡ് സൈഡ് പ്രൊട്ടക്ഷന്, 253/24 | മണ്ണ് പ്രവൃത്തി | 11.1.1.1 | 1.ഡ്രൈൻ വാൾ RCC അല്ലാതിരുന്നിട്ടും റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തി. 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് നൽകി |
| | ഡ്രൈൻ ബെഡ് | 11.4.1.1 | |
| | ഡ്രൈൻ വാൾ | 12.5.1.1 | 2.വെയറിംഗ് കോട്ടിന് ഫോംവർക്ക് ആവശ്യമില്ലാഞ്ഞിട്ടും 4% നിരക്കുൾപ്പെടുന്ന ഇനം നൽകി. ഈയിനത്തിൽ 40mmമെറ്റൽ ഉൾപ്പെട്ടതും ശ്രദ്ധേയമാണ്. |
| | വെയറിംഗ് കോട്ട് | 11.4.3.1 | |

മുകളിൽ വിവരിച്ചതു കൂടാതെ ഈ പ്രവൃത്തികളുടെ അളവു പുസ്തകം പരിശോധിച്ചാൽ ഡ്രൈനിനായി മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ബെഡ് കോൺക്രീറ്റ് നൽകിയതെന്ന് മനസ്സിലാകും. അതുകൊണ്ടു തന്നെ ഈ പ്രവൃത്തിയിലൊന്നും ഫോംവർക്ക് വേണ്ടി വന്നിട്ടില്ലെന്ന് കാണാം. പക്ഷേ ഈ കോൺക്രീറ്റിനായി എസ്റ്റിമേറ്റിലുൾപ്പെടുത്തിയ ഇനം 11.4.1.1 ൽ 4% തുക ഫോം വർക്കിനു വേണ്ടിയുള്ളതാണ്. ഫോം വർക്ക് വേണ്ടാത്ത സാഹചര്യത്തിലും ഈ തുക കൂടി ഉൾപ്പെടുന്ന ഇനം ഉപയോഗപ്പെടുത്തിയതെന്തിനെന്നും വ്യക്തമല്ല. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ പാലിക്കാത്ത വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/23-23) മറുപടി ലഭിച്ചില്ല.

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നും ഇത്തരത്തിൽ നിരക്കുകൾ ഉൾപ്പെടുത്തുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ഇത്തരത്തിൽ യഥാർത്ഥത്തിൽ ആവശ്യമില്ലാത്തതും, നിരക്കു കൂടിയതുമായ ഇനങ്ങളുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നുണ്ട്. മുകളിൽ വിവരിച്ച രീതിയിൽ ഡ്രൈൻ വാളുകൾക്ക് കൂടുതൽ അനുപാതത്തിലുള്ള കോൺക്രീറ്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യവും, വെയറിംഗ് കോട്ട് കോൺക്രീറ്റിൽ ഫോം വർക്ക്, 40mm മെറ്റൽ എന്നിവയുൾപ്പെട്ട സാഹചര്യവും വിശദീകരിക്കേണ്ടതാണ്. കൂടാതെ ബെഡ് കോൺക്രീറ്റിന് ഫോം വർക്ക് നിരക്ക് ഉൾപ്പെടുത്തിയ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## 1-33 ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

അസി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വിവരങ്ങൾ പരിശോധിച്ചതിൽ ടെണ്ടറുകൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം പത്ര പരസ്യം നൽകിയതായും, ടെണ്ടർ വിവരം കൃത്യമായി ഫയലിൽ ക്രമപ്പെടുത്തി സൂക്ഷിക്കുന്നതായും കാണുന്നില്ല.

എല്ലാ പരസ്യങ്ങളും പഞ്ചായത്ത് നോട്ടീസ് ബോർഡ്, വെബ്സൈറ്റ്, മരാമത്ത് വകുപ്പിന്റെ നോട്ടീസ് ബോർഡ്, ഉചിതമെങ്കിൽ മറ്റ് ഓഫീസുകളുടെ നോട്ടീസ് ബോർഡ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കണം. ഒരു ലക്ഷം മുതൽ 10,00,000/- വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കാൻ കുറഞ്ഞത് 10 ദിവസവും, 10 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് കുറഞ്ഞത് 20 ദിവസവും സമയം നൽകും വിധമാണ് ടെണ്ടർ പരസ്യം ചെയ്യേണ്ടത്. കൂടാതെ 10 ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തികളുടെ പരസ്യം സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള പത്രത്തിൽ പരസ്യം ചെയ്യണം. ഈ നിബന്ധനകളൊന്നും പഞ്ചായത്തിൽ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ എഞ്ചിനീയർ നടത്തിയ ടെണ്ടറുകളുടെ പരസ്യം, ഓരോ ടെണ്ടറിലും ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ലിസ്റ്റ് എന്നിവ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൻവർഷത്തെ ടെണ്ടർ രജിസ്റ്ററുകൾ പരിശോധിച്ചതിൽ എട്ടോളം പ്രവൃത്തികൾക്ക് ലഭിച്ചത് ശ്രീ.ഗോപാലകൃഷ്ണൻ, ശ്രീ.അരുൺ ഗോപാൽ എന്നിവരുടെ ടെണ്ടറുകൾ മാത്രമാണ്. ഇവയിൽ നാലോളം പ്രവൃത്തികൾ ടെണ്ടർ എക്സസ് ക്വാട്ട് ചെയ്തതിനാൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ മറ്റുള്ളവയിൽ ഇവർ രണ്ടു പേരിൽ കുറവ് രേഖപ്പെടുത്തിയയാൾക്ക് ടെണ്ടർ അനുവദിച്ചു. രേഖകൾ പരിശോധിച്ചതിൽ ഈ രണ്ടു പേർ അച്ഛനും, മകനുമാണെന്ന് ബോധ്യപ്പെട്ടു. ഓഡിറ്റ് കാലയളവിൽ നടന്ന മറ്റു ടെണ്ടറുകളിലൊന്നും ഇവർ രണ്ടു പേരും ഒരുമിച്ച് ടെണ്ടറിൽ പങ്കെടുത്തിട്ടില്ല. അതായത് മറ്റേതെങ്കിലും കരാറുകാരോ, സ്ഥാപനങ്ങളോ പങ്കെടുക്കുന്ന ടെണ്ടറിൽ ഇവരിൽ ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മറ്റാരും പങ്കെടുക്കാത്ത സന്ദർഭങ്ങളിലാണ് ഇവർ രണ്ടു പേരും ഒരുമിച്ച് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവർ രണ്ടു പേരും അടുത്ത ബന്ധുക്കളായതുകൊണ്ടു തന്നെ ഈ ടെണ്ടറുകളിലൊന്നും മത്സരം നടന്നിട്ടില്ലെന്ന് വ്യക്തമാണ്.

മുൻവർഷങ്ങളിലും ഇപ്രകാരം നടന്നിട്ടുണ്ടെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. 16.3.2023 ന് തുറന്ന ഏഴോളം ടെണ്ടറുകൾ 17.3.23ലെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണത്തിൽ മുകളിൽ പറഞ്ഞ രണ്ടു പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മറ്റു പ്രവൃത്തികളെല്ലാം വലിയ നിരക്ക് ബിലോ ലഭിച്ചപ്പോൾ ഇവർ പങ്കെടുത്ത ടെണ്ടറുകൾ 9.45%കൂടുതൽ നിരക്കിലാണ് അംഗീകരിച്ചത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വ്യാപകമായി പരസ്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രവൃത്തികൾ പരസ്യം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, ബന്ധുക്കൾ മാത്രം പങ്കെടുത്ത ടെണ്ടറുകളിൽ മത്സരക്ഷമത ഉറപ്പുവരുത്തിയതെങ്ങനെയെന്നും അറിയിക്കേണ്ടതാണ്.

## 1-34 കൗ ലിഫ്റ്റർ - അയൽ പഞ്ചായത്തിലെ സംഘത്തിന് നൽകി

പ്രോജക്ട് നമ്പർ -378/2023-24
പ്രോജക്ട് : കൗ ലിഫ്റ്റർ വാങ്ങൽ.

അടങ്കൽ - 53000./- (പ്ലാൻ- ജനറൽ)

ചെലവ് - 53000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

ബിൽ നമ്പർ - 23170152012501481188 Dt 24/03/2024

'A –One Engineering Works", Kasargod എന്ന സ്ഥാപനത്തിൽ നിന്നും Invoice No.A/050/ Dt 21.03.2024 പ്രകാരം വാങ്ങിയ കൗ ലിഫ്റ്ററിന് മേൽ ചേർത്ത പ്രകാരം തുക നൽകുകയുണ്ടായി. പ്രസ്തുത ഉപകരണം 04.04.2024 -ന് കൈപ്പറ്റിയിട്ടുള്ളത് അടുത്ത പഞ്ചായത്തിലെ അടിവാരം ക്ഷീരോല്പാദക സംഘമാണ്. എന്നാൽ അംഗീകൃത പ്രൊജക്ട് റിപ്പോർട്ട് പ്രകാരം പ്രസ്തുത ഉപകരണം വാങ്ങാൻ അനുമതിയുള്ളത് കോടഞ്ചേരിയിലെ മൃഗാശുപത്രിയിലേക്കാണ്. മറ്റു പഞ്ചായത്തുമായി സംയുക്ത പദ്ധതി അല്ലാതിരുന്നിട്ടും ആയത് കൈമാറിയത് ശരിയായ നടപടിയല്ല. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/29.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 റോഡിതര പ്രവൃത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്തുന്നു

ഓഡിറ്റ് കാലയളവിൽ നിർവ്വഹണം നടത്തിയ വിവിധ തോട് നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിൽ ആണ് തയ്യാറാക്കിയതെന്ന് കാണുന്നു. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | പ്രവൃത്തി വിശദാംശം | ഉപയോഗപ്പെടുത്തിയ ഇനങ്ങൾ |
|---|---|---|---|
| അമ്പാട്ടുപടി തോട് പ്രൊട്ടക്ഷൻ വർക്ക് | 189/24 | കരിങ്കൽ സൈഡ് ഭിത്തി കെട്ടൽ (ഇന്റർമീഡിയറ്റ്,ടോപ്പ് ബെൽറ്റ് ഉൾപ്പെടെ) | 3.5.3-മണ്ണെടുക്കൽ<br>OD For DR-കരിങ്കൽകെട്ട്<br>75.8.1.1-ടോപ്പ് ബെൽറ്റ്<br>12.5.2.1-ഇന്റർമീഡിയറ്റ് ബെൽറ്റ് |

| | | | |
|---|---|---|---|
| | | | 12.7-റീഇൻഫോഴ്സ്മെന്റ് |
| കപ്യാരുമല കുന്നുംപുറത്ത് ചൂരപൈകയിൽ തോട് സംരക്ഷണ പ്രവൃത്തി | 257/24 | കരിങ്കൽ സൈഡ് ഭിത്തി കെട്ടൽ(ടോപ്പ് ബെൽറ്റ് ഉൾപ്പെടെ) | 3.5.1 -മണ്ണെടുക്കൽ<br>OD For DR-കരിങ്കൽകെട്ട്<br>75.8.1.1-ടോപ്പ് ബെൽറ്റ് |
| അങ്ങാടിത്തോട് ഗണപതിപ്ലാക്കൽ തോട് സംരക്ഷണം | 270/24 | കോൺക്രീറ്റ് ബെഡ് &സൈഡ് വാൾ, | 11.1.1.1- മണ്ണെടുക്കൽ<br>11.4.1.1-ഡ്രൈൻ ബെഡ്<br>12.5.2.1-ഡ്രൈൻ വാൾ |

മേൽ പ്രവൃത്തികൾ റോഡ്/റോഡനുബന്ധ പ്രവൃത്തിയല്ലാഞ്ഞിട്ടും മോർഡ് അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റുണ്ടാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത്തരത്തിൽ മോർഡ് അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റുണ്ടാക്കുന്നതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൂടുതൽ ചെലവ് പഞ്ചായത്തിനുണ്ടാകുന്നു. ഉദാഹരണമായി, കരിങ്കൽകെട്ടിന് DARൽ ലഭ്യമായ ഇനം 60.7.1ന്റെ നിരക്കിനോട് CP&OH 20% കൂട്ടുന്ന വിധത്തിലാണ് ഈ പ്രവൃത്തികൾക്കായി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയത്. DARലെ ഇനത്തിന് ഘനമീറ്ററിന് 3514/-രൂപ ചെലവ് വരുമ്പോൾ മോർഡിൽ ഇതിന് 3660/-രൂപ വേണ്ടി വരുന്നു.

മുകളിൽ വിവരിച്ച വിധം റോഡിതര പ്രവൃത്തിയ്ക്ക് മോർഡ് അടിസ്ഥാനപ്പെടുത്താനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-36 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ വില ഉറപ്പാക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.8.2022 ലെ NREGA/24/2022-A3 നമ്പർ കത്ത് പ്രകാരം SECURE സോഫ്റ്റ് വെയറിലെ സിമന്റിന്റെ നിരക്ക് അതേപടി വെണ്ടർമാർക്ക് നൽകുന്നത് വിലക്കികൊണ്ട് നിർദ്ദേശം നൽകിയിരുന്നു. ആലപ്പുഴ ഓംബുഡ്സ്മാന്റെ 8.7.22 ലെ OMB/ALP/AW/20/2022 നമ്പർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ നിർദ്ദേശം. സിമന്റ് ഒരു പാക്കഡ് കമ്മോഡിറ്റി ആയതിനാൽ മാർക്കറ്റ് വിലയേ നൽകേണ്ടതുള്ളൂവെന്നും, ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ വിതരണം ചെയ്യുന്ന സിമന്റ് ബ്രാൻഡിന്റെ പേര്(വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് കാലയളിൽ തുക നൽകിയ വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വെണ്ടർമാർ സമർപ്പിച്ച ജി.എസ്.ടിബില്ലുകളിലൊന്നും സിമന്റ് ബ്രാൻഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം ജി.എസ്.ടി. ബില്ലിലും രേഖപ്പെടുത്തുന്നത് ടെണ്ടറിൽ അവർ രേഖപ്പെടുത്തിയ നിരക്കാണ്. പരിശോധന വിധേയമാക്കിയ ഒരു പ്രവൃത്തിഫയലിൽ മൂന്നു പാർട്ട് ബില്ലുകളിലായി കരാറുകാരന് മെറ്റീരിയൽ വില കണക്കിയതിൽ വ്യത്യസ്ത നിരക്കിൽ സിമന്റ് വില ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

കളപ്പുറം കുന്നപ്പള്ളിത്താഴെ തോട് സൈഡ് പ്രൊട്ടക്ഷൻ വർക്ക് എന്ന പ്രവൃത്തി 44,56,000/-രൂപ എസ്റ്റിമേറ്റ് തുകയ്ക്ക് തയ്യാറാക്കിയതാണ്. ഇതിൽ വരുന്ന മെറ്റീരിയലിനായി (എസ്റ്റിമേറ്റ് PAC 25,26,782.4/-)ഇ ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ ബിജോ.കെ.പി. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു. വിവിധ ഘട്ടങ്ങളിലായി നടന്ന പ്രവൃത്തിയുടെ മെറ്റീരിയൽ വില മൂന്നു ബില്ലുകളിലായാണ് കണക്കാക്കിയിട്ടുള്ളത്. ഈ മൂന്നു ബില്ലിലും കരാറുകാരന് സിമന്റിന്റെ വില നൽകിയതും, ടെണ്ടറിൽ ഇദ്ദേഹം കാട്ട് ചെയ്ത നിരക്കും ചുവടെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് | 1st പാർട്ട് ബിൽ(കരാറുകാരന് തുക നൽകി) | 2nd പാർട്ട് ബിൽ(FTOതയ്യാറാക്കി) | 3rd പാർട്ട് ബിൽ(രണ്ടാം ബിൽ പെയ്മെന്റ് ആകാത്തതിനാൽ FTOGenerate ചെയ്തിട്ടില്ല) |
|---|---|---|---|---|
| 11520/Ton | 10902/Ton | 10902 | 8999 | 10902 |

മേൽ വിവരിച്ച നിരക്ക് ഓരോ ബില്ലിലും കണക്കാക്കിയിരിക്കുന്നത് കരാറുകാരൻ നൽകിയ ജി.എസ്.ടി. ബില്ലിനടിസ്ഥാനപ്പെടുത്തിയാണ്. ഈ ബില്ലുകളിലൊന്നും ഉപയോഗിച്ച ബ്രാഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റിന് വിധേയമാക്കിയ വിവിധ പ്രവൃത്തികളിൽ ഒരു ടൺ സിമന്റിന്റെ വില 11228.16, 11520 എന്നിങ്ങനെയാണ്. ഇതു പ്രകാരം ഒരു ചാക്ക് സിമന്റിന് 560 മുതൽ 576 രൂപ വരെയാണ് വില വരിക. എന്നാൽ സിമന്റിന്റെ മാർക്കറ്റ് വില പരിശോധിക്കാതെയും ഏതു ബ്രാൻഡാണെന്ന് ഉറപ്പാക്കാതെയും, വെണ്ടർമാർക്ക് തുക അനുവദിക്കുന്നത് എന്തടിസ്ഥാപ്പെടുത്തിയാണെന്ന് വ്യക്തമല്ല. മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ സിമന്റിന് വെണ്ടർമാർ ആവശ്യപ്പെടുന്ന നിരക്കിൽ തുക നൽകുന്നത് വിശദീകരിക്കേണ്ടതാണ്.

## 1-37 എം.സി.എഫ്- ൽ കൺവെയർ ബെൽറ്റ് ഉപയോഗപ്പെടുത്തുന്നില്ല

നിർവ്വഹണം സെക്രട്ടറി

പ്രൊജക്ട് നമ്പർ 387/24

| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
|---|---|
| 2,45,000 | 512/16.03.24 |
| 1,05,000 | 490/14.03.24 |

കോടഞ്ചേരി ടൗണിനടുത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലേക്ക് അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിനായി ജെം മുഖേന പിക്കർ ബേർഡ് എന്ന സ്ഥാപനത്തിൽ നിന്നും കൺവെയർ ബെൽറ്റ് വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 27.11.24 ന് നേരിട്ട് സന്ദർശിച്ചതിൽ, പ്രസ്തുത ബെൽറ്റ് ഉപയോഗപ്പെടുത്താതെ പൊടിപിടിച്ച നിലയിൽ എം.സി.എഫിൽ മാലിന്യങ്ങൾ കൂട്ടിയിട്ടതിനരികിൽ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി ഹരിത കർമ്മസേന മാലിന്യശേഖരണം നടത്തി പിരിച്ചെടുക്കുന്ന യൂസർ ഫീ മുഴുവനായി ഹരിതകർമ്മ സേനയുടെ അക്കൗണ്ട് വഴി ഗ്രീൻ വേംസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് നിലവിലും തുടർന്നു വരുന്ന രീതി. ഹരിതസേനാംഗങ്ങൾ അറിയിച്ചതു പ്രകാരം മാലിന്യങ്ങൾ വീടുകളിൽ നിന്നു തന്നെ വേർതിരിച്ചാണ് ശേഖരിക്കുന്നത്. അതായത് മാലിന്യങ്ങൾ വേർതിരിക്കുന്ന പ്രക്രിയ നിലവിൽ മേൽ കൺവെയർ ബെൽറ്റ് ഉപയോഗിച്ച് നടത്തുന്നില്ല. പർച്ചേസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ഒരു വർഷ വാറന്റിയാണ് സ്ഥാപനം ഓഫർ ചെയ്തിട്ടുള്ളത്. 2324129/9.03.24 നമ്പർ ഇൻവോയിസ് പ്രകാരം വാറന്റി പിരീഡിലുള്ള 5 മാസം ഉപകരണം ഉപയോഗപ്പെടുത്താതെ തന്നെ നഷ്ടമായ അവസ്ഥയാണ്. അതുപോലെ തന്നെ സ്ഥാപനം ഓഫർ ചെയ്ത വർഷത്തിൽ രണ്ടു പ്രാവശ്യം പ്രിവന്റീവ് മെയിന്റനൻസിനുള്ള കാലയളവിൽ ഇനി ഒരു തവണയാണ് അവശേഷിക്കുന്നത്. ഉപയോഗം കണക്കിലെടുക്കാതെ കൺവെയർ ബെൽറ്റ് വാങ്ങിയതിനാലും മേൽ കാരണങ്ങളാലും ചെലവഴിച്ച തുക പാഴായ അവസ്ഥയാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക3,50,000/- തടസ്സപ്പെടുത്തുന്നു. പർച്ചേസ് ബിൽ പരിശോധിച്ചതിൽ ബില്ലിൽ നിന്നും IT ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. നിയമാനുസൃതം ഈടാക്കേണ്ട ഐ.ടി. ഈടാക്കി അറിയിക്കേണ്ടതും ഉപകരണം വാറന്റി പിരീഡ് കഴിയുന്നതിനു മുൻപായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ച അറിയിക്കേണ്ടതുമാണ്.

## 1-38 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തന അവലോകനം

I കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം

A) പരിസ്ഥിതി സംരക്ഷണ നിയമം-1986

IIകേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ

2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ

3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

IIIകേ.പ.രാജ്, കേ.മു. നിയമങ്ങൾ

എ) കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ബി) 2024-ലെ കേരള പഞ്ച യത്ത് രാജ് (ഭേദഗതി) ആക്റ്റ്(2023ഡിസംബർ 9-ാം തീയതിപ്രാബല്യത്തില് വന്നത്)

സി)കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ 345 വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ഡി) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത് )

IV സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ.

2) 15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3) 12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

### ആമുഖം

കേരള പഞ്ചായത്ത് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെ ഉത്തരവാദിതം വ്യക്തമാക്കുന്നതോടെപ്പം തന്നെ സ്ഥാപന പരിധിയിലെ

കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കും മറ്റ് മാലിന്യ സ്രഷ്ടാക്കൾക്കുമുള്ള ഉത്തരവാദിത്വങ്ങളും വിശദമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും (സെക്ഷൻ 326) വീടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നതും (സെക്ഷൻ 329) ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും (സെക്ഷൻ 331) മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും (സെക്ഷൻ 339)

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്.

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കുണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർ തെരുവുശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4)ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തിക്കൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3, 4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മസേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകന് (സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായസ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

## നിലവിലെ സ്ഥിതി പരിശോധന

10.8.22 ലെ 2ാം നമ്പർ പ്രകാരം പഞ്ചായത്ത് അംഗീകരിച്ച പഞ്ചായത്തിന്റ ഖരമാലിന്യ പരിപാലന ബൈലോക്ക് സർക്കാറിൽ നിന്നും അനുമതി ലഭിക്കുന്നതിനായി 17.12.22ലെ A3-2927/22 നമ്പർ പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബൈലോയിൽ മാലിന്യ സംസ്കരണത്തിൽ പൗരസമൂഹത്തിന്റേയും വ്യക്തികളുടേയും നിർബന്ധിത ചുമതല, മലിനീകാരകരുടെ ഉത്തരവാദിത്തങ്ങൾ എന്നിവ എന്തെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട് .

മലിനീകാരകരുടെ ഉത്തരവാദിത്തങ്ങളിൽ ബൈലോ പ്രകാരം ഫീസ് ഖരമാലിന്യ പരിപാലന ചെലവിലേക്ക് ഒടുക്കാനും 100ലധികം പേർ ഒത്തുചേരുന്ന സമ്മേളനമോ സംഗമമോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മുൻകൂട്ടി അറിയിച്ചുകൊണ്ടും ചുരുങ്ങിയത് 3 ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ടും പ്രസ്തുത സ്ഥലത്തുണ്ടാകുന്ന മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ചുമതലപ്പെടുത്തപ്പെട്ട മാലിന്യ സംഭരണ ജീവനക്കാർക്ക് കൈമാറുന്നത് ഉറപ്പാക്കിക്കൊണ്ടും മാത്രം സംഘടിപ്പിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഒരു സമ്മേളനമോ സംഗമമോ ഉണ്ടാവുമ്പോൾ അവർ പഞ്ചായത്തിൽ ഒടുക്കേണ്ട ഫീസിനെക്കുറിച്ചും ബൈലോയിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതിനായി ഖരമാലിന്യ സംസ്കരണ സംബന്ധിയായി കേന്ദ്ര സംസ്ഥാന നയ നിയമ ചട്ടങ്ങൾക്ക് അനുയോജ്യമായ ആസൂത്രണ പദ്ധതി രൂപപ്പെടുത്താനും അതിനായി വീടുകൾ സ്ഥാപനങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ വാണിജ്യ കേന്ദ്രങ്ങൾ ബഹുനില മന്ദിരങ്ങൾ മുതലായവയുടെ പരിസരങ്ങളിൽ നിന്നും വേർതിരിക്കപ്പെട്ടതും യഥാവിധി ശേഖരിക്കപ്പെട്ടതുമായ ഖരമാലിന്യങ്ങൾ സംഭരിച്ച് നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ക്രമീകരിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട് .

കൂടാതെ വിനോദ സഞ്ചാരികൾക്കും മറ്റും മാലിന്യ സംസ്കരണ സേവനം മുൻ നിർത്തി നിരക്ക് ഏർപ്പെടുത്തുകുയും അതിലേക്കാവശ്യമായ ഉപ നിയമാവലിക്ക് രൂപം നൽകി പ്രാബല്യത്തിൽ വരുത്താനും വ്യവസ്ഥ ഉണ്ട് .

ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. Userfee കുടിശ്ശിക വരുത്തിയവർക്കെതിരെ കൈക്കൊള്ളേണ്ട നടപടികളും , സ്വകാര്യ ഏജൻസി മുഖേന മാലിന്യം ശേഖരിക്കുന്നത് തടയുന്നതിനുള്ള വ്യവസ്ഥകളും ബൈലോയിൽ ഇല്ല.

പഞ്ചായത്ത് പരിധിയിലെ കട ഉടമകളുടേയും താമസക്കാരുടേയും മാലിന്യ സംസ്കരണ ചുമതലകളും വീഴ്ചകൾക്കുള്ള ശിക്ഷാനടപടികളും അറിയിക്കുന്ന നോട്ടീസ് പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഹരിത കർമ്മസേന യൂസർഫീ ബുക്കിൽ, മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതുമായി ബന്ധപ്പെട്ട നിയമപരമായ ശിക്ഷാ നടപടികൾ, മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാതിരിക്കുന്നവർക്കുള്ള വിവിധ ശിക്ഷാ നടപടികൾ, ഖരമാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കും കത്തിക്കുന്നവർക്കുമുള്ള പിഴ, 100പേരിൽ കൂടുതൽ ആളുകൾ ഒത്തു ചേരുന്ന സ്ഥലങ്ങളിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, വീട്ടാവശ്യത്തിനുള്ള ജൈവമാലിന്യ സംസ്കരണോപാധികളെ കുറിച്ചുള്ള അവബോധം എന്നിവ സൃഷ്ടിക്കാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഇവയ്കെല്ലാം പുറമേ യൂസർഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കുന്നതിനുള്ള അനുമതി നൽകിയ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിനെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കിയിട്ടുണ്ട് .

പഞ്ചായത്ത് നൽകിയ നോട്ടീസിൽ മാലിന്യ ഉൽപ്പാദകർ മാലിന്യം കൈകാര്യം ചെയ്യേണ്ട രീതിയെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നു. അതായത് തങ്ങൾ യൂസർഫീ നൽകേണ്ടതിന്റെ ആവശ്യകതയും യൂസർഫീ നൽകാത്തവർക്കെതിരെ സ്വീകരിക്കാവുന്ന നിയമനടപടിയെപ്പറ്റിയും ബോധവാന്മാരുമാക്കുന്നു. പഞ്ചായത്ത് തയ്യാറാക്കിയ യൂസർ ഫീ ബുക്ക് മറ്റു പഞ്ചായത്തുകൾക്കു കൂടി മാതൃകയാക്കാവുന്നതാണ്.

സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഗ്രീൻ വേംസ് എന്ന സ്ഥാപനത്തിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഒരു നിശ്ചിത തുക 19629/-രൂപ മാസം തോറും സ്ഥാപനത്തിന് നൽകേണ്ടതുണ്ട് .

അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്ന പ്രവണതക്കെതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനാണ് പ്രതിമാസം മേൽപ്രകാരമുള്ള തുക നൽകുന്നത്. എന്നാൽ ഗ്രീൻ വേംസിന്റെ ഭാഗത്തുനിന്നും ഇത്തരത്തിൽ ഒരു സഹായം ഓഡിറ്റ് വർഷം ലഭിച്ചിട്ടില്ല. ആയതുകൊണ്ട് തന്നെ പ്രതിമാസം പഞ്ചായത്ത് തുക നൽകുന്നതിന്റെ ആവശ്യകത പുന:പരിശോധിക്കേണ്ടതാണ്.

ലഭിക്കുന്ന യൂസർഫീ ഗ്രീൻവേംസിനു നൽകുകയും അവരിൽ നിന്നും വേതനം ഹരിതകർമ്മസേനാംഗങ്ങൾക്കു ലഭിക്കുകയും ചെയ്യുന്നതുവഴി ഹരിതകർമ്മസേനയ്ക്ക് പ്രതിദിനം 350/- രൂപയുടെ വേതനം ഉറപ്പാക്കുന്നുണ്ട് എന്നാൽ യൂസർഫീ പിരിവ് വർദ്ധിക്കുന്നതിനനുസരിച്ച് വേതനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഇല്ലാതാവുന്നു .

**<u>ഹരിത കർമ്മസേനയുടെ പ്രവർത്തനം-ശേഖരിച്ച വിവരങ്ങൾ</u>**

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 21 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 28 |
| കൺസോർഷ്യത്തിലെ വിവിധ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ എണ്ണം | 4 |
| ഓരോ ഗ്രൂപ്പിലേയും അംഗങ്ങളുടെ എണ്ണം (സേന ഒഴികെ) | 7 |
| കൺസോർഷ്യത്തിന്റെ ബാങ്ക് ആക്കൗണ്ട് നം., 31.3.24ലെ നീക്കിയിരിപ്പ് | 170625 |
| ആക്ടിവിറ്റി ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ട് നമ്പറും, 31.3.24ലെ നീക്കിയിരിപ്പും | ഇല്ല |
| സേന ഉൾപ്പടെ ഓരോ ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്കും ലഭിക്കുന്ന പ്രതിമാസ വേതനം | 350 |
| ഫീസ് പിരിവിനായി വീടുകൾ/ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന സമയക്രമം | പ്രതിമാസം |

21 വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ 28 ഹരിതകർമ്മ സേനാംഗങ്ങളാണുള്ളത്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കു പ്രകാരം 12572 വീടുകൾ ഉള്ളതിൽ 7228 വീടുകളിൽ മാത്രമാണ് ആൾതാമസമുള്ളത്. ആൾതാമസമുള്ള വീടുകളിലാവട്ടെ പ്രായമായവർ തനിച്ചും താമസിക്കുന്നുണ്ട്. ഇവരിൽ നിന്നും യൂസർഫീ പിരിക്കുക എന്നത് ശ്രമകരമായ ജോലിയാണ് .

മലയോരമേഖലയായ കോടഞ്ചേരി പഞ്ചായത്തിൽ വീടുകൾ തമ്മിലുള്ള ദൂരവും കൂടുതലാണ്. അതുകൊണ്ട് ഒരു വീട്ടിൽ നിന്നുള്ള യൂസർഫീ പിരിവിനുശേഷം അടുത്ത വീട്ടിലേക്കുള്ള പിരിവിന് ദൂരങ്ങൾ യാത്ര ചെയ്യേണ്ടതും പിരിവിനെ ബാധിക്കുന്നുണ്ട് . അതു കൊണ്ടു തന്നെ യൂസർഫീ കളക്ഷനിലും ഈ ഒരു കുറവ് കാര്യമായി പ്രതിഫലിക്കുന്നുണ്ട് .

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യനിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതും സമീപ പഞ്ചായത്തുകളിൽ മെച്ചപ്പെട്ട സേവനം നൽകി വരുന്നതുമായ "ഗ്രീൻ വേംസ്" എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് 13/10/2023 ലെ 7ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു. ആയതു പ്രകാരം ഖര മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് 21.11.2023 തീയതിയിൽ 'ഗ്രീൻ വേംസ്' എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്.

കരാറിൽ വ്യവസ്ഥ ചെയ്തതു പ്രകാരം 15.7.17 ലെ സ.ഉ(സാധാ)നമ്പർ 2420/17 ത.സ്വ.ഭ.വ 12.8.20ലെ സ.ഉ(സാധാ)നമ്പർ 1496/20 ത.സ്വ.ഭ.വ ഉത്തരവുകൾക്കു വിധേയമായി പ്രവർത്തിക്കുന്നതിന് ഇരു കക്ഷികളും ബാധ്യസ്ഥരാണ്.

എഗ്രിമെന്റ് പ്രകാരം അജൈവ മാലിന്യം ചാക്ക് ഒന്നിന് വീടുകളിൽ നിന്ന് 50 രൂപയും വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ നിരക്കിലും യൂസർ ഫീ ഈടാക്കി ശേഖരിക്കേണ്ടതാണ്. ഒരു ചാക്കിൽ കൂടുതൽ അജൈവ മാലിന്യം നൽകുന്ന വീടുകളും സ്ഥാപനങ്ങളും അധികം ഫീസ് നൽകേണ്ടതാണ്. കൂടാതെ ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് 19269/-രൂപ മാസം തോറും പഞ്ചായത്ത് സ്ഥാപനത്തിന് നൽകേണ്ടതാണ്. അജൈവമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്ന പ്രവണതക്കെതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന് വേണ്ടി ഗ്രീൻവേംസ് നടപ്പിലാക്കുന്നതിനാണ് മേൽ പ്രകാരം പ്രതിമാസം തുക നൽകുന്നത്. എന്നാൽ ഗ്രീൻവേംസിന്റെ ഭാഗത്തു നിന്നും ക്രിയാത്മകവും നൂതനവുമായ ബോധവൽകരണ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല .

ഭൂമിശാസ്ത്രപരമായി വ്യത്യസ്തമായി നിൽക്കുന്ന ഒരു പ്രദേശമായതിനാലും നിലവിലെ വരുമാന തോതനുസരിച്ചും ഹരിതകർമ്മ സേനയുടെ വേതനവും വളരെയധികം അന്തരമുള്ളതിനാൽ പ്രോജക്ടിന് നഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ 3 മാസക്കാലയളവിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നഷ്ടത്തിന്റെ 50% സ്ഥാപനത്തിന് നൽകേണ്ടതാണ്. സർക്കാർ നിർദ്ദേശിക്കുന്ന

കാലയളവിൽ, ആവശ്യമുള്ള പക്ഷം, വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കാമെന്നിരിക്കെ ഇത്തരത്തിലുള്ള എഗ്രിമെന്റ് പഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുമെന്ന കാര്യത്തില് സംശയമില്ല.

സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ദിവസ വേതനമായി 350 രൂപയും ഇൻസന്റീവും ഉറപ്പ് നൽകുന്നതാണ്. ഈ തുക യൂസർഫീയിൽ നിന്ന് തികയാത്ത പക്ഷം ഗ്രീൻവേംസ് നൽകുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കരാർ കാലാവധി 3 മാസമാണ്. 22.2.24ന് കാലാവധി കഴിഞ്ഞതിനാൽ 3 മാസത്തേക്കു കൂടി നിലവിലെ ഏജൻസിയെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | |
|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 7228 | 690 | 723 | 60 | 3730 | 390 | 36150 | 5000 | 190320 | 41730 |

* ഫീസ് നല്കാൻ കഴിവില്ലാത്ത 75 കുടുംബങ്ങൾ ഉണ്ട്. ഇവരുടെ ഫീസ് നൽകുന്നതിന് പഞ്ചാത്ത് പ്രൊജക്ട് വെച്ചിട്ടില്ല. വീടുകളിൽ നിന്നുള്ള യൂസർഫീ പിരിവ് പരിശോധിച്ചാൽ 2023 മാർച്ച് മാസത്തെ യൂസർഫീസ് പിരിവിൽ നിന്നും ഗണ്യമായ വർദ്ധന 2024 മാർച്ച് മാസത്തിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

റിജക്ട് വേസ്റ്റ് ശേഖരിക്കുന്നതിന് പിരിച്ചെടുത്ത ഫീസിന്റെ വിവരങ്ങൾ

| 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|
| വീടുകളിൽ നിന്നും | മറ്റ് കെട്ടിടങ്ങളിൽ നിന്നും | വീടുകളിൽ നിന്നും | മറ്റ് കെട്ടിടങ്ങളിൽ നിന്നും | വീടുകളിൽ നിന്നും | മറ്റ് കെട്ടിടങ്ങളിൽ നിന്നും |
| 0 | 0 | 0 | 0 | 267104 | -- |

യൂസർഫീ പിരിവ് നന്നേ കുറവുള്ള പഞ്ചായത്തിൽ 2023-24 ആയപ്പോഴേക്കും റിജക്ട് വേസ്റ്റ് ശേഖരിക്കുന്നതിനുള്ള ഫീസായി 267104/-രൂപ പിരിക്കാൻ കഴിഞ്ഞത് ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനമികവാണ്.

**<u>ഹരിത കർമ്മസേനയുടെ വരുമാനവും ചെലവും</u>**

| 2021-22 | | | | | | | |
|---|---|---|---|---|---|---|---|
| വരുമാനം | | | | ചെലവ് | | | |
| പ്രതിമാസ ഫീസ് | റിജക്ട് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | മറ്റുള്ളവ | വേതനം | റിജക്ട് വേസ്റ്റ് കൈയ്യൊഴിഞ്ഞതിനുള്ള ചെലവ് | കൺസോർഷ്യത്തിന് നല്കിയ തുക | മറ്റുള്ളവ |
| 888467 | 0 | 0 | 0 | 748100 | 0 | 0 | 0 |

| 2022-23 | | | | | | | |
|---|---|---|---|---|---|---|---|
| വരുമാനം | | | | ചെലവ് | | | |
| പ്രതിമാസ ഫീസ് | റിജക്ട് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | മറ്റുള്ളവ | വേതനം | റിജക്ട് വേസ്റ്റ് കൈയ്യൊഴിഞ്ഞതിനുള്ള ചെലവ് | കൺസോർഷ്യത്തിന് നല്കിയ തുക | മറ്റുള്ളവ |
| 496871 | 0 | 23335 | 0 | 437586 | 0 | 0 | 0 |

| 2023-24 | | | | | | | |
|---|---|---|---|---|---|---|---|
| വരുമാനം | | | | ചെലവ് | | | |
| പ്രതിമാസ ഫീസ് | റിജക്ട് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | മറ്റുള്ളവ | വേതനം | റിജക്ട് വേസ്റ്റ് കൈയ്യൊഴിഞ്ഞതിനുള്ള ചെലവ് | കൺസോർഷ്യത്തിന് നല്കിയ തുക | മറ്റുള്ളവ |
| 1941749 | 267104 | 164729 | 0 | 1312689 | 505569 | 164729 | 0 |

റിജക്ടഡ് വേസ്റ്റ് കൈയ്യൊഴിയാൻ സ്ഥാപനം ചെലവഴിച്ച തുക സംബന്ധിച്ച വിവരം

| വർഷം | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ചെലവഴിച്ച തുക | 0 | 0 | 500000 | 505569 |

* റവന്യൂഹെഡ്ഡിൽ റിജക്ട്മാലിന്യം കൈയ്യൊഴിയാൻ ഹെഡ്ഡ് അനുവദിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഇത് ഒരു റവന്യൂ ചെലവ് അല്ല, അതിൽ നിന്നും ചെലവഴിക്കാൻ കഴിയില്ല. കൂടാതെ ആസൂത്രണ മാർഗ്ഗരേഖയിലും ഇക്കാര്യത്തിൽ ചെലവഴിക്കാൻ നിർദ്ദശിച്ചിട്ടില്ല. എന്നാൽ LSGDയുടെ ചില ഉത്തരവുകളിൽ തുക തദ്ദേശഭരണ സ്ഥാപനം വഹിക്കണം എന്ന് പരാമർശിച്ചു കാണുന്നു. (ഉദാ:എ) സ.ഉ.(സാധാ) നം.628/2023/LSGD തീയതി, തിരുവനന്തപുരം, 16-03-2023 ഉത്തരവിലെ പൊതു നിർദ്ദേശങ്ങളിലെ ഖണ്ഡിക 8 ബി) സ.ഉ.(സാധാ)നം.2076/2023/LSGD തീയതി, തിരുവനന്തപുരം, 21-10-2023) നിയമപരമായി വേസ്റ്റ് ജനറേറ്റർക്ക് വരേണ്ട ബാധ്യത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുന്നത് ഭാവിയിൽ വൻ സാമ്പത്തിക ബാധ്യതയിലേക്ക് സ്ഥാപനങ്ങളെ തള്ളിവിടാം. റിജക്ടഡ് വേസ്റ്റിന് സ്വീകരിക്കുന്ന തൂക്കത്തിന് ആനുപാതികമായ തുക വേസ്റ്റ് ജനറേറ്ററിൽ നിന്നും പ്രതിമാസ ഫീസിന് പുറമേ വാങ്ങാത്തതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. എന്നാൽ 2023 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ 2024 മാർച്ച് 2ന് കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റും നിലവിൽ വന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വന്നിട്ടുണ്ട്.

<u>സ്ഥാപനത്തിന്റെ ഇടപെടലുകൾ-ചെയ്യേണ്ട കാര്യങ്ങൾ</u>

മാർഗ്ഗരേഖകൾ പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾക്ക് പ്രൊജക്ടുകൾ രൂപീകരിക്കാം.

1) ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, തിരിച്ചറിയൽ കാർഡ്, സംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവ നൽകൽ.

2) വാർഡുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കാനുള്ള വാഹനസൗകര്യം ഒരുക്കലും തുക ചെലവഴിക്കലും

3) പ്രതിമാസ ഫീസ് നൽകാൻ ശേഷിയില്ലാത്ത അഗതി/അതിദരിദ്ര വിഭാഗങ്ങളിൽ പെടുന്നവരുടെ യൂസർഫീസ് ഹരിത സേനയ്ക്ക് നല്കൽ

4) അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ചെലവ് വഹിക്കൽ

5) എം സി എഫ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ആവശ്യമായ മെഷീനുകൾ ഉൾപ്പടെ ഒരുക്കൽ

6) സർക്കാർ നിർദ്ദേശിക്കുന്ന കാലയളവിൽ, ആവശ്യമുള്ള പക്ഷം, വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കൽ

കൂടാതെ, നിലവിൽ MCF കളിൽ കെട്ടിക്കിടക്കുന്ന റിജക്ട്ഡ് മാലന്യങ്ങൾ അപകടസാധ്യത ഉയർത്തുന്നതിനാൽ അവ നീക്കം ചെയ്യാൻ ഏത് ഫണ്ടും വിനിയോഗിക്കാമെന്ന് സ.ഉ.(സാധാ)നം.2076/2023/LSGD തീയതി, തിരുവവനന്തപുരം, 21-10-2023 പ്രകാരം ഉത്തരവായിട്ടുണ്ട്.

<u>സ്ഥാപനം നാളിതുവരെ ചെയ്ത കാര്യങ്ങൾ</u>

മാലിന്യം കയറ്റി അയക്കുന്നതിനാണ് പ്രധാനമായും ചെലവ് വന്നിട്ടുള്ളത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമായതിനാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മാലിന്യം കയറ്റി അയക്കുന്നത് പഞ്ചായത്തിന് വൻ ബാധ്യത സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല

ബി) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നിരീക്ഷിക്കുന്നതിനായുള്ള ഹരിതമിത്രം ആപ്പ് ഉണ്ട്. ഭൂമിശാസ്ത്രപരമായി വ്യത്യസ്തമായി നിൽക്കുന്ന ഒരു പ്രദേശമായതിനാൽ വീടുകൾ തമ്മിലുള്ള ദൂരം കൂടുതലായതിനാൽ ഹരിതമിത്രം ആപ്പ് ഇപ്പോൾ 75% പ്രവർത്തനസജ്ജമാണ്. ആയതിന്റെ പ്രവർത്തനക്ഷമത 100 ശതമാനത്തിലെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

<u>പൊതു നിർദ്ദേശങ്ങൾ</u>

1.ഹരിതകർമ്മ സേനയെ ആദായകരമായ സംരംഭകമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അധികവരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കൽ ആവശ്യമായ സ്കിൽ വികസിപ്പിക്കൽ തുടങ്ങിയ നിരന്തര പിൻതുണയും ഹാൻഡ് ഹോൾഡിംഗ് നടത്തുന്നതിനുള്ള ചുമതലയും കുടുംബശ്രീ കോർഡിനേറ്റർമാർക്കാണെന്നിരിക്കേ അവരെ ഉപയോഗപ്പെടുത്തി ആദായകരമായ സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ഹരിത കർമ്മ സേനയ്ക്കാണെന്നിരിക്കേ ഇതിനെതിരേ വ്യക്തികൾ/സ്ഥാപനങ്ങൾ പഞ്ചായത്തിനടുത്ത് കുരിശിങ്കൽ എന്ന സ്ഥലത്ത് പ്ലാസ്റ്റിക് ശേഖരിക്കുന്നതിനെതിരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

3. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് പരിധിയിൽ 100 ലധികം പേർ ഒത്തുചേരുന്ന സമ്മേളനമോ സംഗമമോ ഉള്ള അവസരങ്ങളിൽ നടത്തിപ്പുകാരിൽ നിന്നും ഒരു നിശ്ചിത നിരക്കിലുള്ള യൂസർഫീ ഈടാക്കേണ്ടതാണ് .

5. വിനോദ സഞ്ചാരികൾക്കും മറ്റും മാലിന്യ സംസ്കരണ സേവനം മുൻ നിർത്തി നിരക്ക് ഏർപ്പെടുത്തുകയും അതിലേക്കാവശ്യമായ ഉപനിയമാവലിക്ക് രൂപം നൽകി പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ് .

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള ഉയർന്ന തുക അനുവദിച്ചു -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

പ്രോജക്റ്റ് : പഞ്ചായത്ത് ഓഫീസ് വിപുലീകരണം, 273/24

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 23,28,775/-തനതുഫണ്ട്

ചെലവ് : 23,27,161/- ചെ.നം.2203071/21.12.2023

പ്രൈസ് ഫയൽ നം.: 12830/2022

2022-23വർഷത്തിൽ 70,00,000/-രൂപ തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയ ബഹു വർഷ പദ്ധതിയാണിത്(2022-23 -30,00,000/-രൂപ, 2023-24 -40,00,000/-രൂപ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും, സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നതും 30,00,000/-രൂപയ്ക്കാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി ACP പ്രവൃത്തിയും, അനുബന്ധ പ്രവൃത്തികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇ-ടെണ്ടർനടത്തി 22.35% കുറവ് നിരക്ക്(19,73,538.25/-)ക്വാട്ട് ചെയ്ത ജിബിൻ ജോസഫ് എന്ന കരാറുകരനെ പ്രവൃത്തി ഏൽപ്പിച്ചു.

തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത് DAR ലെ ഇനങ്ങളായ 25.1(ഉപയോഗിക്കുന്ന അലുമിനിയത്തിന്റെ വില), 25.2(ഗ്ലേസിംഗിന്റെ സ്ട്രക്ച്ചർ നിർമ്മാണം), 25.4(ഗ്ലേസിംഗിൽ തുറക്കുന്ന ഭാഗം നിർമ്മിക്കുന്നതിന്) എന്നീയിനങ്ങളാണ്. ഈയിനങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന പ്രവൃത്തികൾക്ക് അപര്യാപ്തമാണ്. നിർവ്വഹണ സമയം ആയത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇനം 25.7(ACP പ്രവൃത്തിയ്ക്കുള്ള ഇനം, അലുമിനിയത്തിന്റെ വിലയുൾപ്പെടാതെ), 25.3(ഗ്ലേസിംഗ് പ്രവൃത്തിയ്ക്കുള്ള ഗ്ലാസ് യുണിറ്റിന്റെ വിലയും, അനുബന്ധ പ്രവൃത്തി നിരക്കും) എന്നിവയുൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. അധികമായി ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് കണക്കാക്കി നിരക്ക് നിശ്ചയിച്ചു.

പദ്ധതി ഫയലിന്റേയും, അളവു പുസ്തകത്തിന്റെയും പരിശോധന, പ്രവൃത്തിയുടെ നേരിൽ പരിശോധന എന്നിവയിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

**1.** 2022-23വർഷത്തിൽ പ്രോ.നം. 214/23 ആയി തയ്യാറാക്കിയ പദ്ധതിയ്ക്ക് 70,00,000/-രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 30,00,000/-രൂപയിൽ ചുരുങ്ങിയതിന്റെ കാരണം വ്യക്തമല്ല. 2023-24, 2024-25 വർഷങ്ങളിൽ പഞ്ചായത്ത് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് വീണ്ടും പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആദ്യ വർഷത്തിൽ ഈ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതെന്തു കൊണ്ടെന്ന് വ്യക്തമല്ല.

**2.** എ.സി.പി, ഗ്ലേസിംഗ് എന്നിവയുടെ അലുമിനിയം സ്ട്രക്ച്ചറിനായി ഉൾപ്പെടുത്തിയ ഇനം 25.1 പരിശോധിച്ചാൽ T അല്ലെങ്കിൽ L സെക്ഷനുകളാണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് കാണുന്നു. എന്നാൽ പ്രവത്തിയ്ക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് അലുമിനിയം ട്യൂബുകളാണ്. കൂടാതെ ഡാറ്റയിൽ വിവരിക്കുന്ന പ്രകാരം 6.72m$^2$ ഏരിയയിലെ നിർമ്മാണത്തിന് 6.5Kg അലുമിനം ഉപയോഗപ്പെടുത്താം. അതായത് ഒരു ച.മീറ്റർ വിസ്തൃതിയ്ക്ക് 0.967Kg. പ്രവൃത്തിയുടെ അളവു പുസ്തക പ്രകാരം ആകെ 216m$^2$ (204m$^2$ ഫിക്സ്ഡ് ഏരിയ +12m$^2$ ഓപ്പനബിൾ ഏരിയ) വിസ്തൃതിയിൽ ഗ്ലേസിംഗ് ചെയ്തതിന് ആകെ 388.626Kg അലുമിനിയം ഉപയോഗിച്ചിട്ടുണ്ട്. ഡാറ്റയിൽ വിവരിക്കുന്ന നിരക്കിൽ കണക്കാക്കിയാൽ 216m$^2$ വിസ്തൃതി ചെയ്യാൻ 208.872Kg അലുമിനിയമാണ് ഉപയോഗപ്പെടുത്തേണ്ടത്. ചുവടെ വിവരിക്കുന്ന പ്രകാരം എസ്റ്റിമേറ്റിൽ പറയുന്ന വിധത്തിലുള്ള ഗ്ലാസ് യൂണിറ്റ് ഉപയോഗപ്പെടുത്തുമ്പോളാണ് ഈ അളവിൽ അലുമിനിയം വേണ്ടതെന്നിരിക്കെ പ്രസ്തുത കനത്തിൽ ഗ്ലാസ് ഉപയോഗപ്പെടുത്താത്തപ്പോഴും കൂടുതൽ അളവിൽ അലുമിനിയം ഉപയോഗിച്ചതെന്തിനെന്ന് വ്യക്തമല്ല.

**3.** ഗ്ലേസിംഗിന് ഉപയോഗിക്കുന്ന ഗ്ലാസിനായി എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ ഇനം 25.3 ന്റെ ഡാറ്റ വിശദാംശം താഴെ കൊടുക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| **Material** | | | | | | **M** |
| 2617 | | 6 mm thick High performance glass | | | | |
| | | sqm | 7.02000 | 1000.00 | 7020.00 | M1 |
| 2618 | | 6 mm thick clear heat strengthened glass | | | | |
| | | sqm | 7.02000 | 650.00 | 4563.00 | M2 |
| **Tools&Plants(Hire charges)** | | | | | | T |
| 9999 | | Sundries (for insurance Charges) | | | | |
| | | L.S | 126.27000 | 2.00 | 252.54 | T1 |
| 9999 | | Sundries (Fabrication charges including silicon sealant, baker rod, desccant etc. | | | | |
| | | L.S | 2120.13000 | 2.00 | 4240.26 | T2 |
| 9999 | | Sundries Transportation including loading and unloading | | | | |
| | | L.S | 126.27000 | 2.00 | 252.54 | T3 |
| Total | | | 6.720 | sqm | 16328.34 | |
| Unit Total | | | 1.000 | sqm | 2429.81 | |
| Add Water Charge | | | 2429.81 | @1.00% | 24.30 | |
| Total | | | | | 2454.11 | |
| Add Contractors Profit & Overhead | | | 2454.11 | @15.00% | 368.12 | |
| Total | | | | | 2822.23 | |
| Add Cost Index | | | 2822.23 | @36.44% | 1028.42 | |
| Total | | | | | 3850.65 | |
| Add Tender Variation | | | 3850.65 | @-22.36% | -861.01 | |
| Total | | | | | 2989.64 | |
| **GRAND TOTAL** | | | | sqm | 2989.64 | |

ഈ വിവരണ പ്രകാരം ഗ്ലേസിംഗിന് ഉപയോഗപ്പെടുത്തുന്ന ഗ്ലാസ് യൂണിറ്റിൽ 6mm വീതം കനത്തിലുള്ള ഹൈ പെർഫോമൻസ് ഗ്ലാസും, ഹീറ്റ് സ്ട്രെങ്ത്തൻഡ് ഗ്ലാസുകളും. ഇവ തമ്മിൽ 12mm കനത്തിൽ Airgap ഉണ്ടായിരിക്കണം. ഈ യുണിറ്റുകൾ ഫാക്ടറിയിൽ/ഗ്ലാസ് പ്രോസസ്സറുടെ വർക്ക് ഷോപ്പിൽ നിന്നു തന്നെ ആവശ്യമായ അളവിൽ തയ്യാറാക്കി കൊണ്ടു വരണം. ആയതിനുള്ള നിരക്കു കൂടി ഈയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ പ്രവൃത്തി പരിശോധിച്ചതിൽ ഈ വിധത്തിലുള്ള ഗ്ലാസ് യൂണിറ്റുകളല്ല ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. 6mmകനത്തിലുള്ള ഇൻസുലേറ്റഡ് ആയ ഒരു ഗ്ലാസ് മാത്രമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (മേൽ ഐറ്റത്തിൽ വിവരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള ഏതെങ്കിലും ഗ്ലാസ് ആണോയെന്ന് വ്യക്തമല്ല). ഈ സാഹചര്യത്തിലും മേൽ ഇന പ്രകാരമുള്ള നിരക്ക് കരാറുകാരന് നൽകിയതെന്തു കൊണ്ടെന്ന് വ്യക്തമല്ല.

അളവു പുസ്തക പ്രകാരം 1m നീളവും, 60cm വീതിയിലുമുള്ള 340 ഗ്ലാസുകൾ ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. (ഫയലിൽ ലഭ്യമായ OPTIM ENGINEERING SOLUTIONS, Thrissurഎന്ന സ്ഥാപനത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ റിപ്പോർട്ട് പ്രകാരം ഉപയോഗിക്കുന്ന ഗ്ലാസ് 6mm കനത്തിലുള്ള ഹീറ്റ് സ്ട്രെൻങ്ത്തൻഡ് ഗ്ലാസാണ്)

**4.** ഇനം 25.4ൽ ഉൾപ്പെടുത്തി തുറക്കുന്ന ഗ്ലാസ് ഭാഗങ്ങൾക്കായി 20ഗ്ലാസ് യുണിറ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിലും 6mmവീതമുള്ള രണ്ടു ഗ്ലാസുകൾ ഉപയോഗപ്പെടുത്താനാണ് വിവരിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയ്ക്കും ഉപയോഗിച്ചത് ക്രമ നം.3ൽ വിവരിച്ച അതേ ഗ്ലാസാണ്.

മുകളിൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടന്നിട്ടും ആയത് പരിശോധിക്കാതെ/പരിഗണിക്കാതെ കരാറുകാരന് തുക നൽകിയതും, എസ്റ്റിമേറ്റ് സ്പെസിഫിക്കേഷനിൽ ഗ്ലേസിംഗ് ചെയ്യാത്ത സാഹചര്യത്തിലും അലുമിനിയത്തിന്റെ അളവ് ക്രമാതീതമായി കൂടിയതും എപ്രകാരമാണെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് 30 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തിയതിന്റെ കാരണവും വ്യക്തമല്ല.

ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥയും വ്യത്യസ്തമായ നിർമ്മാണം ശ്രദ്ധിച്ചിട്ടില്ലെന്ന് മനസ്സിലാകുന്നു. പ്രവൃത്തിയിൽ ഉപയോഗിച്ച ഗ്ലാസിന്റെ യഥാർത്ഥ സ്പെസിഫിക്കേഷൻ ഏതെന്നും അറിയിക്കാനും, ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനുമായി നിർവ്വഹണോദ്യോഗസ്ഥയ്ക്കും, അസി.എഞ്ചി. എഞ്ചിനീയർക്കും ഓഡിറ്റ് എൻക്വയറി (നം. 5/23-24/25.7.24) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.
ഓഡിറ്റ് വർഷത്തിൽ മറ്റൊരു പദ്ധതിയിലൂടെ(പ്രോ.നം.305/24, അടങ്കൽ 16,28,506/-) പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തിരിക്കുന്നത് 14.09% കുറവ് നിരക്കിലാണ്. മുകളിൽ വിവരിച്ച രീതിയിൽ ആദ്യം രൂപീകരിച്ച 70 ലക്ഷം അടങ്കലിലുള്ള പദ്ധതിയിൽ ഈ പ്രവൃത്തികൾകൂടി ഉൾപ്പെടും വിധം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ആദ്യ പദ്ധതിയ്ക്ക് ലഭിച്ച 22.35% ടെണ്ടർ കുറവ് പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

അളവു പുസ്തക പ്രകാരം 1m നീളവും, 60cm വീതിയിലുമുള്ള 340 ഗ്ലാസുകൾ സ്ഥാപിച്ചതിന് ആകെ 204m$^2$ ന് 2989.64 രൂപ നിരക്കിൽ 6,09,886.56 + 18% GST രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഡബിൾ ഗ്ലേസിംഗ് യഥാർത്ഥത്തിൽ ചെയ്തിട്ടില്ലാത്തതിനാൽ ഈ നിരക്കിന് കരാറുകാരന് അർഹതയില്ല. മുകളിൽ വിവരിച്ച രീതിയിൽ സ്ട്രക്ച്ചറൽ ഡിസൈൻ റിപ്പോർട്ടിൽ കാണിച്ച 6mm കനത്തിലുള്ള ഹീറ്റ് സ്ട്രെൻങ്ത്തൻഡ് ഗ്ലാസാണ് ഉപയോഗിച്ചതെങ്കിൽ ഈയിനത്തിന് നൽകാവുന്ന പരമാവധി നിരക്ക് 927.95/-രൂപയാണെന്ന്(മേൽ ഡാറ്റയിൽ നിന്നും മെറ്റീരിയൽ കോഡ് 2617, Tools $Plants ൽ നിന്നും സിലിക്കോൺ സീലന്റ്, ബേക്കർ റോഡ്, ഡെസികന്റ് എന്നിവയുൾപ്പെടെയുള്ള ഫാബ്രിക്കേഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കിയുള്ള നിരക്ക്). ഈ വിധം കണക്കാക്കിയാൽ ഉപയോഗപ്പെടുത്തിയ 340

ഗ്ലാസിന് വേണ്ടി വരുന്ന നിരക്ക് വെറും 1,89,301.8 + 18% GST(340x0.6x1=204m$^2$) ആണെന്ന് കാണാം. ഇത്തരത്തിൽ കരാറുകാരന് 4,96,290/- (4,20,584.76 + 18% GST) രൂപ അധികമായി നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് ഈ വിധം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പോത്തുകുട്ടി ഗ്രാമം - വനിത പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.

പ്രോജക്ട് നമ്പർ -154/2023-24 .

പ്രോജക്ട് : പോത്തുകുട്ടി ഗ്രാമം - വനിത .

അടങ്കൽ - 504000 (വികസന ഫണ്ട്-ജനറൽ) + 504000 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 416000 (വികസന ഫണ്ട്-ജനറൽ) + 416000(ഗുണഭോക്തൃ വിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

ബിൽ നമ്പർ - 23170152012501295244 Dt 29/02/2024 – 392000/-

ബിൽ നമ്പർ - 22317015201501377885 Dt 15/03/2024 -24000/-

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. പ്രസ്തുത പ്രോജക്ട് പ്രകാരം വിതരണം ചെയ്ത ഉരുക്കളിൽ വാർഡ് 3-ലെ ഗുണഭോക്താവായ റോയ് സി തോമസ്, ചുരുക്കാപ്രായിൽ എന്നവർക്ക് നൽകിയ പോത്തുകുട്ടി ചത്തു പോവുകയും ഇൻഷൂറൻസ് തുക നിർവ്വഹണ ഉദ്യോഗസ്ഥൻവഴി ലഭ്യമാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഗുണഭോക്താവിന് കരാർ പ്രകാരം ഉരുവിനെ വളർത്താൻ നൽകാതെ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല.
2. 52 പേർക്ക് 8000/-രൂപ വീതമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇൻഷൂറൻസ് എടുത്തതിനു ശേഷമാണ് ഉരുക്കളെ വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ താഴെ ചേർത്ത ഉരുക്കൾക്ക് ഇൻഷൂറൻസ് എടുത്തതിന്റെ രേഖകളില്ല.

| ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | പേര് വിവരം | വാർഡ് |
|---|---|---|
| 11 | ജെസ്സി ജോബി, വെള്ളാപ്പിള്ളി | 13 |
| 67 | ഷീല മാത്യു കന്നത്ത് | 13 |
| 70 | ജിജി മൈക്കൽ പാട്ടത്തിൽപുറംപാത്തി | 11 |

മേൽ ചേർത്ത പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/29.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം സബ്സിഡിയായി നൽകിയ 8000/- രൂപ ഗുണഭോക്താവിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കുകയോ ചെയ്ത് അറിയിക്കേണ്ടതാണ്.

## 3-3 വാഴക്കന്ന് വിതരണം - വനിത : പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നമ്പർ -119/2023-24 പ്രോജക്ട് : വാഴക്കന്ന് വിതരണം -വനിത

അടങ്കൽ - 425629 /-(പ്ലാൻ-ജനറൽ)

ചെലവ് - 425629/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നമ്പർ - 123170152012601244005 Dt 20.02.2024 RAIDCO Invoice No. KKD/728/2023-24 Dt 5.02.2024

എണ്ണം -25037 .Rs.425629

21 വാർഡുകളിലായി ശരാശരി 25 വാഴക്കന്നുകൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. വാർഡ് 3 ൽ 728 കന്നുകൾ വിതരണം ചെയ്തതിന്റെ പട്ടിക പരിശോധിച്ചതിൽ 602 എണ്ണമേ വിതരണം ചെയ്തിട്ടുള്ളൂ. എന്നാൽ തെറ്റായി 728 എണ്ണം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ചേർത്ത പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30/ 29.7.2024)) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത വാഴക്കന്നുകളുടെ വിലയായ 2142/-(126x 17) രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-4 പദ്ധതി രൂപീകരണ മോണിറ്ററിങ് ചെലവുകൾ - ഒരേ ടെണ്ടർ പരസ്യത്തിന് രണ്ടു തവണ തുക നൽകി

നിർവ്വഹണം സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ 6/24

അടങ്കൽ 4,00,000

ചെലവ് തുക 2,53,578 (തനതു ഫണ്ട്)

2023-24 വർഷത്തെ പദ്ധതി രൂപീകരണ, മോണിറ്ററിങ് ചെലവുകൾക്ക് 2,53,578/- രൂപ ചെലവഴിച്ചതിൽ, 2022-23 വർഷത്തെ പദ്ധതികൾക്ക് 21.03.23 ന് ദീപിക പത്രത്തിൽ പരസ്യം ചെയ്ത വകയിൽ സ്ഥാപനത്തിന് രണ്ടു തവണ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവു തുക | ബിൽ പ്രൊസീഡിങ്സ് നമ്പർ തിയതി | റിമാർക്സ് |
|---|---|---|---|
| 1 | 29370 | 63/11.07.23 | 29,370/- രൂപ ചെലവ് ചെയ്തതിൽ, ഗ്രാമ പഞ്ചായത്തിന്റെ 303/23, 347/23, 343/23, 344/23 എന്നീ പ്രൊജക്ടുകൾക്ക് ദീപിക പത്രത്തിൽ ടെണ്ടർ പരസ്യം ചെയ്ത വകയിൽ 3213/- രൂപ ZD2303011/ 21/03.23 നമ്പർ ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് നൽകിയതാണ്. |
| 2 | 14783 | 442/23.02.24 | 14783/- രൂപ ചെലവ് ചെയ്തതിൽ, 5783/-.രൂപ ദീപിക പത്രത്തിൽ പരസ്യം ചെയ്ത വകയിൽ ZD2303011/ 21/03.23, ZD2401003/31.12.23 എന്നീ ഇൻവോയിസുകൾ പ്രകാരം സ്ഥാപനത്തിന് നൽകിയതാണ്. |
| 3 | 23877 | 140/27.9.23 | 23877/- രൂപ ചെലവ് ചെയ്തതിൽ , 05.07.23 ന് ദീപിക പത്രത്തിൽ പരസ്യം ചെയ്ത വകയിൽ ZD23070033/ 05.07.23 എന്ന ഇൻവോയിസ് പ്രകാരം നൽകിയ തുക. |

ഗ്രാമ പഞ്ചായത്തിന്റെ 303/23, 347/23, 343/23, 344/23 എന്നീ പ്രൊജക്ടുകൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് ദീപിക പത്രത്തിൽ 21.03.23 ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച വകയിൽ, ZD2303011/ 21/03.23 നമ്പർ ഇൻവോയിസ് പ്രകാരം 3213/-രൂപ ദീപിക പത്രത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 2പ്രകാരം ഇതേ ബില്ലിന് (21.03.23 ലെ ടെണ്ടർ പരസ്യം ) വീണ്ടും തുക അനുവദിച്ചതായി കാണുന്നു. ക്രമ നമ്പർ 3 പ്രകാരം ദീപിക പത്രത്തിന്റെ ZD23070033/ 05.07.23 എന്ന ഇൻവോയിസ് പ്രകാരം ഡിസ്ക്കൗണ്ട് കഴിച്ചുള്ള ബിൽ തുക 3213/- രൂപയാണെങ്കിലും 3753/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയത് 540/- രൂപ. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 12/23-23 തിയതി 26.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 3753/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 22.07.2024- 29.07.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 949980 | ശാരീരിക മാനസീക വെല്ലുവിളി | 949980 |

| | | | |
|---|---|---|---|
| | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | |
| | 2476720 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 2476720 |
| | 1000000 | ലൈഫ്- മിഷൻ ജനറൽ | 1000000 |
| | 658808 | കുരിശിങ്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | 658808 |
| | 300000 | ലൈഫ്- മിഷൻ -പട്ടികജാതി | 300000 |
| | | ആകെ | 5385508 |
| ജില്ലാ പഞ്ചായത്ത് | 316660 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 316660 |
| | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 500000 |
| | 1800000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1800000 |
| | 1100000 | ലൈഫ്- മിഷൻജനറൽ | 1100000 |
| | 119000 | നെൽകൃഷിവികസന പദ്ധതി | 119000 |
| | 339000 | കാർഷിക വിള സംരക്ഷണത്തിന് സോളാർ വേലി | 339000 |
| | | ആകെ | 4174660 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പരപ്പറ്റ പാലം പോസ്റ്റ് മാറ്റി വക്കൽ | 436/22.2.24 | 400338 | - | 400338 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിന് സ്ഥാപിക്കൽ | 491/14.3.24 | 1024988 | - | 1024988 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

### സ്ഥിരനിക്ഷേപങ്ങൾ – ബാങ്കുകൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8523284 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10047304 |
| ആകെ | 18570588 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 7683641 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1.08,86,947 |

### സ്ഥിരനിക്ഷേപങ്ങൾ – ബാങ്കുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കെ. ഡി. സി. ബാങ്ക് | 513257 |

| | | |
|---|---|---|
| 2 | കെ. ഡി. സി. ബാങ്ക് | 373690 |
| 3 | ഫെഡറൽ ബാങ്ക് | 1,00,00,000 |
| | ആകെ | 1,08,86,947 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3-1 | 62500 | ഡോ.സതീഷ് കുമാർ എൻ | 123000023 / 19.07.2023 |
| 2006-07 | 3-23 | 1929 | ടി.എസ്.രാജു | 1230701579/ 13.07.2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| 2011-12 2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവുവിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം – ധനവിനിയോഗ കാര്യക്ഷമത | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2019-20 | 1-32 | 2020-21 | അനുബന്ധം -2 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93561077 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85500275 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 510185/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4986715/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,48,145/- | ശ്രീമതി.അർച്ചന.സി.ജെ., അസി.എഞ്ചിനീയർ |
| | | 2,48,145/- | ശ്രീമതി.ബിസിനി.എസ്., അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 8000/- | ഡോ.രവി വെറ്റിനറി സർജൻ |
| 3-3 | | 2142/- | ശ്രീമതി.രമ്യ രാജൻ.വി. കൃഷി ഓഫീസർ |
| 3-4 | | 3753/- | ശ്രീ.അനിൽകുമാർ.കെ.പി. സെക്രട്ടറി |
| ആകെ | | 510185/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 490000/- | ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി |
| 1-17 | 337425/- | ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി |
| 1-18 | 1,98,643/- | ഡോ.സ്മിത.കെ.എസ്. മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 14,75,336/- | ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി |
| 1-20 | 149250/- | ശ്രീ.സുരേഷ് കുമാർ. ഹെഡ്മാസ്റ്റർ |
| 1-21 | 490786/- | ഡോ.തസ്നി മുഹമ്മദ് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-22 | 100000/- | ഡോ.രവി. വെറ്ററനറി സർജൻ |
| 1-23 | 60000/- | ശ്രീ.സുരേഷ് കുമാർ. ഹെഡ്മാസ്റ്റർ |
| 1-24 | 48000/- | ഡോ.രവി. വെറ്ററനറി സർജൻ |
| 1-25 | 113525/- | ശ്രീ.സുരേഷ് കുമാർ. ഹെഡ്മാസ്റ്റർ |
| 1-26 | 44550/- | ഡോ.തസ്നി മുഹമ്മദ് |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-27 | 50000/- | ശ്രീ.അരുൺ.ഇ. വില്ലേജ് എക്റ്റൻഷൻ ഓഫീസർ |
| 1-28 | 1000000/- | ശ്രീ.സുരേഷ് കുമാർ. ഹെഡ്മാസ്റ്റർ |
| 1-29 | 79200 | ഡോ.രവി വെറ്ററിനറി സർജൻ |
| 1-37 | 350000 | ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി |
| ആകെ | 49,86,715/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അർച്ചന.സി.ജെ., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | കൊടപ്പള്ളിപ്പറമ്പ്, കോട്ടൂളി.പി.ഒ., കോഴിക്കോട് |
| ശ്രീമതി.ബിസിനി.എസ്., അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | പള്ളിയാറക്കണ്ടി, താഴെ വരട്ട്യാക്ക്, കുന്നമംഗലം.പി.ഒ. |
| ഡോ.രവി വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി,കോടഞ്ചേരി പി.ഒ. പിൻ-673580 | അദ്വൈതം, മലയമ്മ പി.ഒ. |
| ശ്രീമതി.രമ്യ രാജൻ.വി. കൃഷി ഓഫീസർ | കൃഷിഭവൻ ,കോടഞ്ചേരി പി.ഒ. പിൻ-673580 | വെള്ളാനിയിൽ വീട്, മാന്നാനം പി.ഒ. 673612 |
| ശ്രീ.അനിൽകുമാർ.കെ.പി. സെക്രട്ടറി | സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്, കോടഞ്ചേരി പി.ഒ. പിൻ-673580 | മൈക്കോലത്ത്, വാകയാട് 673614 |
| ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി | സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്, കോടഞ്ചേരി പി.ഒ. പിൻ-673580 | കളരിക്കൽ വീട്, അതിരമ്പുഴ പി.ഒ. , 686562 |
| ഡോ.സ്മിത.കെ.എസ്. മെഡിക്കൽ ഓഫീസർ, ഹോമിയോ | ഹോമിയോ ഡിസ്പെൻസറി, നെല്ലിപ്പൊയിൽ,പിൻ-673580 | മീത്തൽ പറമ്പത്ത്, മേരിക്കുന്ന് പി.ഒ. |
| ശ്രീ.സുരേഷ് കുമാർ. ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ , ചെമ്പുകടവ് യു.പി.എസ്. | സുരേഷ് ഭവൻ, കട്ടിപ്പാറ, താമരശ്ശേരി |
| ഡോ.തസ്ലി മുഹമ്മദ് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | കുഴിമണ്ണ എഫ്.എച്ച്.സി. | വില്ല 2, ദി സുമ്മിറ്റ് മൂവിൻ വില്ലാസ്, എരത്തുകടവ്, റ്റാറ്റാ മറീന മോട്ടോർസിന് സമീപം, പന്തീരാങ്കാവ് |
| ശ്രീ.അരുൺ.ഇ. വില്ലേജ് എക്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്റ്റൻഷൻ ഓഫീസ്, കോടഞ്ചേരി പി.ഒ. പിൻ-673580 | പാറേക്കാട്ടിൽ വീട്, കൂടത്തായ് ബസാർ 67357 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(1)/26.10.22 | 45 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(2)/26.10.22 | 19 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(7)/26.10.22 | 3-11, 3-14, |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(10)/27.10.22 | 3-7(1,2) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(11)/27.10.22 | 3-11 |
| 2011-12 2012-13 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(12)/27.10.22 | 3-12,4-1-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(14)/27.10.22 | 2-3, 3-2 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(15)/27.10.22 | 2-9,3-10, 3-15, 3-20, 3-22, 3-23, 3-28, |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(16)/27.10.22 | 3-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(17)/27.10.22 | 1-9,1-13,1-19, 1-24,1-27 1-28 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(18)/27.10.22 | 1-9(1),1-9(2),1-13,1-22,1-32 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(19)/27.10.22 | 1-11,1-12,1-13, 1-14,1-15,1-17,1-20,1-21, 1-23,1-27,1-34,1-38,1-41, 1-42,1-44,4-2,2-1,2-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 684/23/22.05.23 | 1-4,1-9(2),1-11, 1-13,1-15(1,3),1-19, 1-21,1-23,1-24 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 860/24/14.5.24 | 1-1(1,3,4,4,6,7,8,10,11),1-6,1-8,1-10 1-11, 1-16 മുതൽ 1-23വരെ, 1-26, 1-27,1-31, 1-32,1-33, 2-1, 3-1,3-3, 3-4, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 14-05-2024 and submitted on 14-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kodenchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kodenchery Grama Panchayat as on 31-03-2024

**Date: 25/10/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Kodenchery Grama Panchayat for the Year 2023-2024.**

**1.Major Observations**

NIL

**2.Other Observations**

Demand Register does not match with Annual Financial statements .

Directly credited by bank amount not taken into Account
Stock Register does not match with Accounts
Comments Relating to Balance Sheet
Depreciation provided for an Asset more than book value
Non Disclosure of Liability

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്